*ശുദ്ധഹൃദയത്തിന്*
*ഒരുപാട് അടയാളങ്ങളുടെ ആവശ്യമില്ല*
*ഹൃദയത്തിൽ ദൈവഭയമുണ്ടെങ്കിൽ*
*ഒരു അടയാളം തന്നെ മതിയായതാണ്.*

# അല്ലാഹുവാണ് സത്യം!

വാഗ്ദത്ത മഹ്ദീ മസീഹ്
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)**
രചിച്ച ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ

ക്രോഡീകരണം
**ബശീറുദ്ദീൻ അലാഹ്ദീൻ ഹൈദരാബാദ്**

വിവർത്തനം
**എച്ച്.ശംസുദ്ദീൻ കാവശ്ശേരി**

അല്ലാഹുവാണ് സത്യം!
(Allahuvanu Sathyam) Malayalam
Khuda ki Qasam (Urdu) Original

Extractions from the Writings of
**Hadhrat Mirza Ghulam Ahmad (AS) Qadiani**
The Promised Massiah & Imam Mahdi


Complied : Bashiruddin Allahdin

Malayalam Translation : H.Shamsuddin Kavassery

1st Edition : December 2016/ Copies : 2000

Publisher : Rashid Mohamed Alladin

Printed at : Printwell Amritsar, Punjab, India.



വാഗ്ദത്ത മഹ്ദീ മസീഹ്

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)**

# വിഷയവിവരം


അഭ്യർഥന.....7
അവതാരിക.....9
ചാലഞ്ച്.....15
ആയിനയേ കമാലാത്തെ ഇസ്ലാം.....22
ഹഖീഖത്തുൽ വഹ്‌യ്.....23
തജല്ലിയാത്തെ ഇലാഹിയ്യ.....34
സിറാജെ മുനീർ.....36
ബറക്കാത്തു ദ്ദു:ആ.....40
ദാഫിഉൽ ബലാഅ്.....41
സനാതൻ ധറം.....42
അർബഇൗൻ.....42
അഞ്ചാമെ ആഥിം.....43
ആസ്മാനി ഫൈസല.....46
ഹമാമത്തുൽ ബുശ്റ.....47
സുർമ: ചശ്മ: ആരിയ.....48
ചശ്മയെ മസീഹീ.....50
നസീമെ ദഅ്‌വത്ത്.....50
നുസൂലുൽ മസീഹ്.....51
ഇക് ഗലത്തി കാ ഇസാല.....52
കറാമാത്തു സ്സ്വാദിഖീൻ.....53
തിരിയാഖുൽ ഖുലൂബ്.....54
തുഹ്ഫ ഗോൾഡവിയ്യ:.....55
കിത്താബുൽ ബരിയ്യ:.....56
അൽഹക്കം.....57
ഹഖീഖത്തുൽ മഹ്ദി.....58
ഇസ്ലാമിന്റെ ശോഭനമായ ഭാവി.....61
മുന്നറിയിപ്പ്.....62
തുറന്ന വെല്ലുവിളി.....63

بسم الله الرحمٰن الرحيم

نحمده ونصلی علی رسوله الكريم وعلی عبده المسيح الموعود

# അഭ്യർഥന

അൽഹംദുലില്ലാഹ്! ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് മസീഹ് മൗഊദ്(അ) തന്റെ വിവിധ ഗ്രന്ഥങ്ങളിൽ അല്ലാഹുവിനെ സത്യം ചെയ്ത് പറഞ്ഞ കാര്യങ്ങൾ ഞാൻ ഇവിടെ സ്വരുക്കൂട്ടിയിരിക്കുകയാണ്. ഹൃദയത്തിൽ ദൈവഭയമുള്ള ആളുകൾക്ക് അത് വായിക്കുമ്പോൾ ആ മഹാത്മാവിന്റെ സത്യം മനസ്സിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഞാൻ ജനാബ് ഡോ.മുഹമ്മദ് ഹുസൈൻ സാഹിബ് സാജിദ്, ജനാബ് റാഷിദ് മുഹമ്മദ് അലാഹ്ദീൻ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുകയാണ്. അവരുടെ അശ്രാന്ത പരിശ്രമം കാരണമാണ് ഇത് പ്രസിദ്ധീകരിക്കാൻ സൗഭാഗ്യം ലഭിച്ചിരിക്കുന്നത്. ജസാക്കുമുല്ലാഹ് അഹ്സനുൽ ജസാഅ്. ഖേദകരമെന്ന് പറയട്ടെ, ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നതിനു മുമ്പേ 1988 മെയ് 25 നു ജനാബ് ഡോ. മുഹമ്മദ് ഹുസൈൻ സാഹിബ് സാജിദ് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനങ്ങൾ ഉയർത്തുകയും ഹദ്റത്ത് റസൂൽ തിരുമേനി(സ)ന്റേയും ഹദ് റത്ത് മസീഹ് മൗഊദ്(അ)ന്റേയും സമീപത്ത് ഇടം നൽകുകയും ചെയ്യുമാറാകട്ടെ. ആമീൻ. അല്ലാഹു അദ്ദേഹത്തിന്റെ സഹധർമിണി സിദ്ദീഖ ബേഗം സാഹിബ (D/O സേട്ട് അലി മുഹമ്മദ് അലാഹ്ദീൻ സാഹിബ്)യുടെയും അവരുടെ പിഞ്ചുകുഞ്ഞുങ്ങളുടെയും സഹായിയും സംരക്ഷകനുമായിരിക്കട്ടെ. എല്ലാവരേയും അവൻ തന്റെ സമാധാനത്തിലും സംരക്ഷണത്തിലും ആക്കുമാറാകട്ടെ. ആമീൻ.

ഡോക്ടർ സാഹിബിന്റെ അതിയായ ആഗ്രഹത്തെ പരിഗണിച്ചു കൊണ്ട് ഞാൻ ഈ പുസ്തകം മർഹൂം ഡോ.ഖലീൽ അഹ്മദ് നാസിർ സാഹിബിന്റെ പേരിൽ സമർപ്പിക്കുന്നു. അദ്ദേഹത്തെ എനിക്കും വിദ്യഭ്യാസ കാലം മുതൽ തന്നെ അറിയാം, വളരെ നല്ല മനുഷ്യനും ഇസ്ലാം അഹ്മദിയ്യത്തിന്റെ പ്രേമിയും ആയിരുന്നു. അല്ലാഹു രണ്ട് പരേതാത്മാക്കൾക്കും മഗ്ഫിറത്ത് പ്രദാനം ചെയ്യുകയും സ്ഥാനങ്ങൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ.

അല്ലാഹു ഈ വിനീതന്റെ ഈ എളിയ പരിശ്രമം സ്വീകരിക്കുകയും കൂടുതൽ കൂടുതൽ ദീനീ സേവനത്തിന് സൗഭാഗ്യം നൽകുകയും എന്റെ പര്യവസാനം ശുഭകരമാക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഈ പുസ്തകത്തിന്റെ പേര് നിർദ്ദേശിക്കുകയും അവതാരിക എഴുതിത്തരികയും പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്ത ബഹു.നാസിർ സാഹിബ് ദഅ്വത്തൊ തബ്ലീഗ് ഖാദിയാനോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തട്ടെ. ജസാക്കുമുല്ലാഹ് അഹ്സനുൽ ജസാഅ്.

30 -11 -1988

**ബശീറുദ്ദീൻ അലാഹ്ദീൻ**
സെക്രട്ടറി തബ്ലീഗ് & തർബിയ്യത്ത്
ജമാഅത്ത് അഹ്മദിയ്യാ സെക്കന്ദരാബാദ്

بسم الله الرحمٰن الرحيم

نحمده ونصلی علی رسوله الکریم وعلی عبده المسیح الموعود

# അവതാരിക

അവസാന കാലത്ത് ഹദ്റത്ത് ഈസബ്നു മർയം(അ) ആകാശത്ത് നിന്ന് ഉടലൊടെ ഇറങ്ങുകയും മുസ്‌ലിം ഉമ്മത്തിൽ ഇമാം മഹ്ദി(അ) ആഗതരാകുകയും പിന്നെ അവർ രണ്ടുപേരും ഒന്നിച്ച് ഇസ്‌ലം പ്രചരിപ്പിക്കുകയും ചെയ്യുമെന്ന് മുസ്‌ലിംകൾ പൊതുവിൽ വിശ്വസിച്ചുപോരുന്നു. അതായത് സാധാരണ മുസ്‌ലിംകൾ അവസാന കാലത്ത് രണ്ട് ആത്മീയ വ്യക്തിത്വങ്ങളുടെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയാണ്. എന്നാൽ **റസൂലൻ ഇലാ ബനീ ഇസ്റാഈൽ** (സൂറ: ആലു ഇംറാൻ) (അതായത് ബനീ ഇസ്റാഈലിലേക്ക് നിയോഗിക്കപ്പെട്ട റസൂൽ) ആയ ഹദ്റത്ത് ഈസബ്നു മർയം(അ) രണ്ടായിരം വർഷം മുമ്പേ മറ്റ് പ്രവാചകന്മാരെ പോലെ മരണപ്പെട്ടിരിക്കുന്നുവെന്നാണ് വിശുദ്ധ ഖുർആനിൽ നിന്നും സ്വിഹാഹുസ്സിത്തയിലെ ഹദീസുകളിൽ നിന്നും വ്യക്തമാകുന്നത്. അദ്ദേഹം ഭൗതിക ശരീരവുമായി ആകാശത്തേക്ക് പോകുകയോ അവിടെ ജീവിച്ചിരിക്കുകയോ ഭൗതിക ശരീരവുമായി ഈ കാലഘട്ടത്തിൽ ഈ ലോകത്തേക്ക് ഇറങ്ങിവരുകയോ ചെയ്യുന്നതല്ല. തിരുനബിയുടെ ഹദീസു കളിൽ നിന്ന് വ്യക്തമാകുന്നത് ദീനിന്റെ പുനരുജ്ജീവനത്തിനും ഉമ്മത്തിന്റെ പരിഷ്കരണത്തിനും വേണ്ടി മുഹമ്മദീ ഉമ്മത്തിൽ നിന്നു തന്നെ ഒരു വ്യക്തി ആഗതരാകുമെന്നാണ്. അദ്ദേഹം ഇസ്‌ലാമിക സാങ്കേതിക ശബ്ദത്തിൽ **അൽ ഇമാമുൽ മഹ്ദി**യെന്ന് അറിയപ്പെടുന്നതാണ്. ആത്മീയമായി അദ്ദേഹം തന്നെയാണ് ഹദ്റത്ത് ഈസബ്നു മർയമിന്റെ സദൃശ്യനും.

ഇതു സംബന്ധിച്ച് ഹദീസുകൾ പറയുന്നു:

ولا المهدی إلا عیسی بن مریم

(ഇബ്നു മാജ, കിതാബുൽ ഫിതൻ ബബു ശിദ്ദത്തു സ്സമാൻ)

يوشك من عاش منكم أن يلقى عيسى بن مريم إماما مهديا وحكما عدلا

(മുസ്നദ് അഹ്മദ് ബിനു ഹമ്പൽ)

كَيْفَ أَنْتُمْ إِذَا نَزَلَ ابْنُ مَرْيَمَ فِيكُمْ وَإِمَامُكُمْ مِنْكُمْ

(സ്വഹീഹ് ബുഖാരി കിതാബ് അഹാദീസുൽ അമ്പിയാഅ്
ബാബു നുസൂലു ഈസ്ബ്നുമർയം)

അതായത് ഈസബ്നു മർയം തന്നയായിരിക്കും ഇമാം മഹ്ദി. അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കും. മാത്രമല്ല നിങ്ങളുടെ ഇമാം നിങ്ങളിൽ നിന്നു (മുഹമ്മദിയ്യാ ഉമ്മത്തിൽ നിന്നു) തന്നെയായിരിക്കും.

വാഗ്ദത്തം ചെയ്യപ്പെട്ട മഹാത്മാവ് ഒരാൾ മാത്രമാണെന്ന് മേൽ ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നു. അദ്ദേഹം ഇമാം മഹ്ദി യും ഈസബ്നുമർയമിന്റെ പ്രതിപുരുഷനുമാണ്. നേരത്തെ പറഞ്ഞു വന്നതു പോലെ ബനീ ഇസ്റാഇലിലേക്ക് നിയോഗി തനായ ഈസബ്നു മർയം മരണപ്പെട്ടിരിക്കുന്നു. അദ്ദേഹം ഈ ലോകത്തേക്ക് വീണ്ടും വരുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല.

2. ഒരു ദൈവ നിയോഗിതന്റെ സത്യസാക്ഷ്യത്തിന് തെളിവുകളും പ്രമാണങ്ങളും പോലെതന്നെ അദ്ദേഹം ദൈവത്തെ സാക്ഷി യാക്കി ദൃഢവിശ്വാസത്തോടും ഉറപ്പോടും കൂടി സമർപ്പിക്കുന്ന വാദങ്ങളും തെളിവ് തന്നെയാണ്. കാരണം ദൈവം സത്യ വാദിയേയും കള്ളവാദിയേയും അറിയുന്നു. കള്ളവും കറ്റുകെട്ടും പറയുന്നവർ ഒരിക്കലും ദൈവികമായ പിന്തുണക്കും സഹായ ത്തിനും പാത്രീഭൂതരാകുന്നതല്ല. അല്ലാഹു പറയുന്നു:

قَدْ خَابَ مَنِ افْتَرَىٰ (സൂറ ത്വാഹാ : 62)

അവർക്ക് ദൈവിക സഹായവും പിന്തുണയും ഇല്ലാത്തവരും പരാജിതരും പരിക്ഷീണരും ആകുക മാത്രമല്ല ദൈവിക ശിക്ഷ ക്ക് ഇരയായിത്തീരുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ () لَأَخَذْنَا مِنْهُ بِالْيَمِينِ () ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ

(സൂറ: അൽഹാഖ 45...47)

അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെ ങ്കിൽ. നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായി

രുന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകള യുമായിരുന്നു.

3. ഹദീസിൽ വന്നിരിക്കുന്നു, ഒരിക്കൽ ഒരാൾ മദീനയിലെത്തി. സ്വഹാബാക്കളുടെ സാന്നിദ്ധ്യത്തിൽ തിരുനബി(സ)നോട് പറഞ്ഞു; താങ്കൾ താങ്കളുടെ പ്രവാചകത്വം അല്ലാഹുവിന്റെ പേരിൽ ആണയിട്ട് പ്രഖ്യാപിച്ചാലും. നബിതിരുമേനി(സ) തന്റെ വാദം അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പ്രഖ്യാപിച്ച പ്പോൾ ആ ആഗതൻ നബിതിരുമേനി(സ)ൽ വിശ്വസിക്കുകയു ണ്ടായി. ബുഖാരിയിലുള്ള താഴെ ചേർക്കുന്നു:

عَنْ أَنَسَ بْنَ مَالِكٍ يَقُولُ بَيْنَمَا نَحْنُ جُلُوسٌ مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي الْمَسْجِدِ دَخَلَ رَجُلٌ عَلَى جَمَلٍ فَأَنَاخَهُ فِي الْمَسْجِدِ ثُمَّ عَقَلَهُ ثُمَّ قَالَ لَهُمْ أَيُّكُمْ مُحَمَّدٌ وَالنَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مُتَّكِئٌ بَيْنَ ظَهْرَانَيْهِمْ فَقُلْنَا هَذَا الرَّجُلُ الْأَبْيَضُ الْمُتَّكِئُ فَقَالَ لَهُ الرَّجُلُ يَا ابْنَ عَبْدِ الْمُطَّلِبِ فَقَالَ لَهُ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَدْ أَجَبْتُكَ فَقَالَ الرَّجُلُ لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنِّي سَائِلُكَ فَمُشَدِّدٌ عَلَيْكَ فِي الْمَسْأَلَةِ فَلَا تَجِدْ عَلَيَّ فِي نَفْسِكَ فَقَالَ سَلْ عَمَّا بَدَا لَكَ فَقَالَ أَسْأَلُكَ بِرَبِّكَ وَرَبِّ مَنْ قَبْلَكَ أَاللَّهُ أَرْسَلَكَ إِلَى النَّاسِ كُلِّهِمْ فَقَالَ اللَّهُمَّ نَعَمْ قَالَ أَنْشُدُكَ بِاللَّهِ أَاللَّهُ أَمَرَكَ أَنْ نُصَلِّيَ الصَّلَوَاتِ الْخَمْسَ فِي الْيَوْمِ وَاللَّيْلَةِ قَالَ اللَّهُمَّ نَعَمْ قَالَ أَنْشُدُكَ بِاللَّهِ أَاللَّهُ أَمَرَكَ أَنْ نَصُومَ هَذَا الشَّهْرَ مِنْ السَّنَةِ قَالَ اللَّهُمَّ نَعَمْ قَالَ أَنْشُدُكَ بِاللَّهِ أَاللَّهُ أَمَرَكَ أَنْ تَأْخُذَ هَذِهِ الصَّدَقَةَ مِنْ أَغْنِيَائِنَا فَتَقْسِمَهَا عَلَى فُقَرَائِنَا فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ اللَّهُمَّ نَعَمْ فَقَالَ الرَّجُلُ آمَنْتُ بِمَا جِئْتَ بِهِ وَأَنَا رَسُولُ مَنْ وَرَائِي مِنْ قَوْمِي وَأَنَا ضِمَامُ بْنُ ثَعْلَبَةَ أَخُو بَنِي سَعْدِ بْنِ بَكْرٍ

അനസ് ബിനു മാലിക് നിന്ന് നിവേദനം. അദ്ദേഹം പറയുന്നു; ഞങ്ങൾ നബിതിരുമേനി(സ)ന്റെ കൂടെ മസ്ജിദിൽ ഇരിക്കുകയാ യിരുന്നു. ഒരാൾ ഒട്ടകസവാരിയിൽ ഞങ്ങളുടെ അടുക്കൽ വന്നു. അയാൾ ഒട്ടകത്തെ മസ്ജിദിന്റെ മുറ്റത്ത് നിർത്തി അതിനെ കെട്ടി യിട്ടു. അതിനു ശേഷം അയാൾ ഞങ്ങളോട് ചോദിച്ചു, മുഹമ്മദ് ആരാണ്?

നബി(സ) സ്വഹാബാക്കൾക്കിടയിൽ ചാരിയിരിക്കുകയായി രുന്നു, ഞങ്ങൾ പറഞ്ഞു: തലയിണ വെച്ച് ചാരിയിരിക്കുന്ന വെളുത്ത നിറമുള്ള ഈ മഹാത്മാവാണ്.

ആഗതൻ : അല്ലയോ അബ്ദുൽ മുത്വലിബിന്റെ മകനേ!

നബി(സ) : (അതെ, പറയൂ) ഞാൻ മറുപടി നൽകാം.

ആഗതൻ : ഞാൻ ചില കാര്യങ്ങൾ ചോദിക്കാൻ പോകുകയാണ്, ചോദ്യങ്ങളിൽ അൽപം കാഠിന്യം ഉണ്ടായിരിക്കും, അതിൽ ദേഷ്യപ്പെടരുത്.

നബി(സ) : നിനക്ക് അറിയും പോലെ ചോദിച്ചുകൊള്ളുക.

ആഗതൻ : താങ്കളുടേയും താങ്കൾക്ക് മുമ്പുണ്ടായിരുന്നവരുടേയും നാഥനാണ് സത്യം (എന്നോട് സത്യം പറയണം) അല്ലാഹു താങ്കളെ മുഴുവൻ ലോകത്തിനും തന്റെ സന്ദേശം എത്തിക്കാൻ നിയോഗിച്ചിട്ടുണ്ടോ?

നബി(സ) : അതെ.

ആഗതൻ ചോദിച്ചു: ഞാൻ അല്ലാഹുവിനെ മുൻ നിർത്തി ചോദിക്കുന്നു, അല്ലാഹു രാപ്പകലായി അഞ്ച് നമസ്കാരങ്ങൾ അനുഷ്ഠിക്കാൻ കൽപ്പിച്ചിട്ടുണ്ടോ?

നബി(സ) : അതേ.

ആഗതൻ : ഞാൻ അല്ലാഹുവിനെ മുൻ നിർത്തി ചോദിക്കുന്നു, വർഷത്തിൽ ഈ മാസം (റമദാൻ) നോമ്പ് അനുഷ്ഠിക്കാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ടോ?

നബി(സ) : അതേ.

ആഗതൻ : ഞാൻ അല്ലാഹുവിനെ മുൻ നിർത്തി ചോദിക്കുന്നു, ഞങ്ങളിലെ സമ്പന്നരിൽ നിന്ന് സദ്ഖ വാങ്ങി ഞങ്ങളിലെ ദരിദ്രർക്ക് വിതരണം ചെയ്യാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ടോ?

നബി(സ) : അതേ.

ആഗതൻ : (അല്ലാഹുവിൽ നിന്ന്) താങ്കൾ കൊണ്ടുവന്നിരിക്കുന്ന കാര്യങ്ങളിൽ ഞാൻ ഈമാൻ കൊള്ളുന്നു. ഞാൻ എന്റെ സമുദായത്തിന്റെ പ്രതിനിധിയാണ്. ഞാൻ സഅലബയുടെ മകൻ സമാം ആകുന്നു. അതായത് സഅദ് ബിൻ ബക്കറിന്റെ സഹോദരങ്ങളിൽ പെട്ടവനാണ്.

(സ്വഹീഹ് ബുഖാരി, കിത്താബുൽ ഇൽമ്)

മറ്റൊരു ഹദീസിൽ ഒരു മുന്നറിയിപ്പുമുണ്ട്, അതായത്

اليمين الفاجرة تدع الديار بلاقع

കള്ളസാക്ഷ്യം നാടുകളെ നശിപ്പിക്കുന്നു.

(മുസ്നദു ശ്ശിഹാബ് ബാബുൽ യമീൻ)

അതായത് കള്ളസാക്ഷ്യം പറയുന്നവർ ദൈവാനുഗ്രഹത്തിൽ നിന്ന് ഒഴിവാക്കപ്പെടുക മാത്രമല്ല അവന്റെ ശിക്ഷക്കും വിധേയനാകുന്നു.

4. ഹിജ്റ പതിനാലാം നൂറ്റാണ്ടിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) പ്രഖ്യാപിച്ചു :

i. വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കു അല്ലാഹുവിൽ നിന്നുള്ള വിധികർത്താവും ഞാനാണെന്ന് അല്ലാഹു തന്റെ പരിശുദ്ധവും പവിത്രവുമായ വെളിപാടു മുഖേന എന്നെ അറിയിച്ചിരിക്കുന്നു. എനിക്ക് വെച്ചിട്ടുള്ള മസീഹ്, മഹ്ദി എന്നീ രണ്ടു പേരിലും നബി(സ) എന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു. മാത്രമല്ല അല്ലാഹു നേരിട്ടുള്ള സംബോധനയിലും എനിക്ക് ഈ പേരാണ് വെച്ചത്. കൂടാതെ എനിക്ക് ഈ പേരുകൾ തന്നെ വേണമെന്നാണ് കാലഘട്ടം ആഗ്രഹിക്കുന്നതും. ചുരുക്കത്തിൽ എന്റെ ഈ പേരുകൾക്ക് ഈ മൂന്ന് സാക്ഷ്യങ്ങളുണ്ട്. ആകാശഭൂമികളുടെ നാഥനായ എന്റെ നാഥനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു, ഞാൻ അവനിൽ നിന്നുള്ളവനാകുന്നു, അവൻ തന്റെ അടയാളങ്ങൾ മുഖേന എനിക്ക് സാക്ഷ്യം നൽകുന്നു.

(റൂഹാനി ഖസാഇൻ ഭാഗം 17 പേജ് 345/അർബഈൻ നമ്പർ 1 പേജ് 3)

ii. ബറേലി (യു.പി) യിലെ ഒരാൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ന് കത്തയച്ചുകൊണ്ട് താങ്കൾ നബി(സ) ഹദീസുകളിലൂടെ അറിയിച്ച അതേ വാഗ്ദത്ത മസീഹ് ആണെങ്കിൽ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് മറുപടി അയക്കാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം മറുപടി അയച്ചു :

താഴെ ചേർക്കുന്ന പ്രഖ്യാപനം മുമ്പും ഞാൻ എന്റെ ഗ്രന്ഥങ്ങളിൽ അല്ലാഹുവിനെ സാക്ഷ്യം ചെയ്തു കൊണ്ട് വെളിപ്പെടുത്തിയിട്ടുള്ളതാണ്. **ആരുടെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട്** ഇപ്പോഴും ഈ കത്തിലും ഞാൻ എഴുതുകയാണ്, റസൂലുല്ലാഹ്(സ) സ്വഹീഹായ ഹദീസുകളിലൂടെ അറിയിച്ച സ്വഹീഹ് ബുഖാരി, സ്വഹീഹ് മുസ്‌ലിം തുടങ്ങിയ സിഹാഹുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. വകഫാ ബില്ലാഹി ശഹീദാ.

മിർസാ ഗുലാം അഹ്മദ് (അഫല്ലാഹു അൻഹു) 17.08.1899

(മൽഫൂസാത്ത് ഭാഗം : 1, പേജ് : 326,327)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) തന്റെ വാദത്തെക്കുറിച്ച് തന്റെ വിവിധ ഗ്രന്ഥങ്ങളിൽ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് എഴുതിയ ലിഖിതങ്ങൾ ബഹുമാന്യ സഹോദരൻ ജ. ബശീറുദ്ദീൻ അലാഹ്ദീൻ സാഹിബ് (സെക്രട്ടറി തബ്ലീഗ് & തർബിയ്യത്ത് ജമാഅത്ത് അഹ്മദിയ്യാ സെക്കന്ദരാബാദ്) ഈ ലഘുലേഖയിൽ സ്വരുക്കൂട്ടിയിരിക്കുന്നു. ശുദ്ധപ്രകൃതങ്ങൾക്ക് ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദങ്ങളെക്കുറിച്ച് അവധാന പൂർവം ചിന്തിക്കാൻ കഴിയട്ടെ എന്ന ആഗ്രഹവും അഭിവാഞ്ജയുമാണ് ഈ പ്രയത്നത്തിന് പിന്നിലുള്ളത്. മറുഭാഗത്ത് ദൈവിക സഹായവും പിന്തുണയും മുഖേന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ലഭ്യമാകുന്ന ദൈവിക വിജയങ്ങൾ കണ്ടുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ)ന്റെ മഹ്ദീ മസീഹ് വാദം സ്വീകരിക്കാനും അങ്ങനെ ദീനീസേവനത്തിനും ദീനീ പ്രചരണത്തിനുമുള്ള സൗഭാഗ്യവും സുമനസ്സുകൾക്ക് ലഭിക്കാനും നിമിത്തമാകുമാറാകട്ടെ എന്ന അത്യുൽക്കടമായ അഭിലാഷവുമുണ്ട്. ഫജസാഹുല്ലാഹു അഹ്സനുൽ ജസാഅ്. അല്ലാഹു ജ. ബശീറുദ്ദീൻ അലാഹ്ദീൻ സാഹിബിന്റെ സേവനം സ്വീകരിക്കുകയും അതിന്റെ നന്മ നിറഞ്ഞ സൽഫലങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ.

**ശരീഫ് അഹ്മദ് അമീനി**

(അഡീ. നാസിർ ദഅ്വത്തൊ തബ്ലീഗ് ഖാദിയാൻ)

***പരീക്ഷണത്തിന് ഒരാളും മുന്നോട്ട് വന്നില്ല, എല്ലാ എതിരാളികളേയും നാം നേരിടാൻ ക്ഷണിച്ചതാണ്.*** (ദുർറെ സമീൻ)

അല്ലാഹുവിനെ സത്യം ചെയ്യാൻ
എല്ലാ പണ്ഢിതന്മാർക്കും
ഹദ്റത്ത് അഹ്മദ്(അ) നൽകിയ

# ചാലഞ്ച്

പണ്ഢിതന്മാർ, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെക്കുറിച്ച് വിവിധതരം അനാവശ്യവും അയഥാർഥവുമായ വിശ്വാസങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് മുസ്ലിംകൾക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കാൻ ശ്രമിച്ചുവരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) 1987 മാർച്ച് 6 ന് നൽകിയ ജുമുഅ ഖുത്ബയിൽ ഇതിനുള്ള ശാശ്വതമായ പരിഹാരം നിർദ്ദേശിച്ചു കൊണ്ട് പറയുന്നു:

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) നൽകിയ ഉപദേശമെന്തായിരുന്നു, അദ്ദേഹത്തിന്റെ ദീൻ എന്തായിരുന്നു, അദ്ദേഹത്തിന്റെ കലിമ എന്തായിരുന്നു, ഇക്കാര്യങ്ങൾ അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ കേട്ടാലും:

ഞങ്ങൾ മുസ്ലിംകളാകുന്നു, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിൽ വിശ്വസിക്കുന്നു.

എന്നാൽ അവർ മറ്റൊരു വിവക്ഷയാണ് ഇതിൽ നിന്ന് കണ്ടെത്തിയത്, അതായത് ശരീഅത്ത് കാലഹരണപ്പെട്ടിരിക്കുന്നു, ഇവരുടെ പക്കൽ ഇനി മിർസാ ഗുലാം അഹ്മദിന്റെ വചനങ്ങളാണ് ശരീഅത്ത്.

ഈ കുഴപ്പക്കാരുടെ അവസ്ഥയിൽ ആശ്ചര്യപ്പെടുകയല്ലാതെ എന്തുചെയ്യാൻ, അൽപം പോലും അല്ലാഹുവിനെ ഭയപ്പെടുന്നില്ല, എത്രമാത്രം കള്ളമാണ് പറയുന്നത്, എത്ര മാത്രം വിടുവായ

ത്തമാണിത്. ഇനി ഇവർ പറയുന്നത് ശരിയാണെങ്കിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഞങ്ങൾക്ക് പറഞ്ഞു തന്ന ആ ശരീഅത്ത് എന്താണെന്ന് കേൾക്കുക, പിന്നെ അതുംകൂടി അംഗീകരിക്കണം എവിടെയെങ്കിലും ഒരുഭാഗത്ത് നിൽക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങൾക്ക് തന്ന അദ്ധ്യാപനമനുസരിച്ച് ഞങ്ങളോട് പെരുമാറുക, അതാണ് ഞങ്ങളുടെ ശരീഅത്തെന്ന് അംഗീകരിക്കാൻ പ്രേരിപ്പിക്കുന്നുമുണ്ടല്ലോ, ആയതിനാൽ ആ ശരീഅത്ത് എന്താണെന്ന് കേട്ടാലും. ആ ശരീഅത്ത് ഇതാണ്:

ഞങ്ങൾ മുസ്ലിംകളാകുന്നു, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിൽ വിശ്വസിക്കുന്നു. കലിമ **ലാ ഇലാഹ ഇല്ലല്ലാഹ്** യുടെ വക്താക്കളാകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിലും അവന്റെ റസൂൽ മുഹമ്മദ്(സ) ഖാത്തമുന്നബിയ്യീൻ ആണെന്നും വിശ്വസിക്കുന്നു. മലക്കുകളിലും പുനരുഥാനനാളിലും സ്വർഗനരകങ്ങളിലും വിശ്വസിക്കുന്നു. നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു. ഞങ്ങൾ ഖിബ്‌ലയെ അംഗീകരിക്കുന്നു, അല്ലാഹുവും അവന്റെ റസൂലും ഹറാമാക്കിയവയെ ഞങ്ങൾ ഹറാമാണെന്ന് മനസ്സിലാക്കുകയും ഹലാൽ ആക്കിയതിനെ ഹലാൽ ആയി മനസ്സിലാക്കുകയും ചെയ്യുന്നു. ഞങ്ങൾ ശരീഅത്തിൽ അൽപം പോലും കൂട്ടുകയോ കുറക്കുക യോ ചെയ്യുന്നില്ല. നബി(സ)ൽ നിന്ന് നമ്മിലേക്ക് എത്തിയ എല്ലാ കാര്യങ്ങളും ഞങ്ങൾ സ്വീകരിക്കുന്നു, അത് ഞങ്ങൾക്ക് മനസ്സിലാകുകയോ അതിന്റെ രഹസ്യം ഞങ്ങൾക്ക് മനസ്സിലാകാത്തതോ അതിന്റെ യാഥാർഥ്യത്തിലേക്ക് എത്തിപ്പെടാൻ കഴിയാത്തതോ ആണെങ്കിൽ പോലും. ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏകദൈവ വിശ്വാസികളായ മുസ്ലിംകളാകുന്നു.

*(നൂറുൽ ഹഖ്, ഭാഗം:1, റൂഹാനി ഖസാഇൻ ഭാഗം:8, പേജ്:7)*

ചുരുക്കത്തിൽ അവരുടെ വീക്ഷണത്തിൽ അഹ്മദികളുടെ ശരീഅത്ത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതാണെങ്കിൽ ആ ശരീഅത്താണിത്. എന്നാൽ കളവിന് കാലില്ല, ചിലപ്പോൾ ഒരു കാലിൽ മറ്റുചിലപ്പോൾ മറ്റെ കാലിൽ നിൽക്കുകയാണ്. ഏതെങ്കിലും ഒരു കാര്യം തുറന്ന് അംഗീകരിക്കുകയും അതിൽ നിന്ന് പിന്മാറില്ലെന്ന് ശപഥവും ചെയ്യുക!

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിനെ ശപഥം ചെയ്തുകൊണ്ട് പറയുന്നു**, ഞാനും എന്റെ ജമാഅത്തും മുസ്ലിംകളാണ്. ഒരു സത്യവാനായ മുസ്ലിമിന് ഉണ്ടായിരിക്കേണ്ട രീതിയിൽ നബി(സ)മിലും വിശുദ്ധ ഖുർആനിലും ഞങ്ങൾ വിശ്വസിക്കുന്നു.

*(ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ ഭാഗം:20, പേജ്:260)*

ഈ ആരോപണമുന്നയിക്കൽ ഇങ്ങനെ തുടരുകയും എവിടെയെങ്കിലുമൊക്കെ കൽപ്പിത കഥകൾ ജമാഅത്തിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയും ഒരു രാജ്യത്തിൽ ഞങ്ങൾക്ക് മറുപടി പറയാൻ അനുമതി നൽകാതിരിക്കുകയും ജമാഅത്തിന്റെ വാക്കുകൾ തടയുകയും തൂലികക്കും അനുമതി നിഷേധിക്കുകയും എന്നാൽ തങ്ങളുടെ ശബ്ദം എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഒരുപാട് തടസ്സങ്ങൾ ഉണ്ടാകുന്നതാണ്, പ്രയാസങ്ങൾ ഉണ്ടാകുന്നതാണ്.

എത്രമാത്രം വിപുലമായാണോ ഇവരുടെ ഈ കൽപ്പിതവും കറ്റുകെട്ടുമായ അഴുക്കുകൾ പ്രചരിക്കുന്നത് അവിടെയൊക്കെ ജമാഅത്തിന് തങ്ങളുടെ പരിമിതമായ മാർഗങ്ങളിലൂടെ എത്തി മറുപടി സന്ദേശങ്ങൾ നൽകാൻ സാധ്യമല്ല. ഇതിന് എന്താണ് പ്രതിവിധി? ഇതിനുള്ള ഒരേഒരു പോംവഴിയെ ഉള്ളൂ. ഞാൻ മുഴുവൻ ജമാഅത്തിനേയും പ്രതിനിധാനം ചെയ്തുകൊണ്ട് ഈ എല്ലാ പണ്ഢിതന്മാരേയും അവർ പാക്കിസ്ഥാനിലോ ലോകത്തിലെ എവിടെ വസിക്കുന്നവരാണെങ്കിലും ഞാൻ അവരെ വെല്ലുവിളിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ പരിശുദ്ധ നാമങ്ങൾ മുൻനിർത്തി സത്യം ചെയ്തു കൊണ്ട് വിളംബരപ്പെടുത്തുന്നു. എന്റെ കലിമ, മുസ്ലിംകളുടെ കലിമയാണ്, എന്റെ റസൂൽ, ഹദ്റത്ത് അഖ്ദസ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു. മുസ്ലിമാകുന്നതിന്ന് എന്തൊക്കെ കാര്യങ്ങളിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണോ അതിലൊക്കെയും ഞാൻ വിശ്വസിക്കുന്നു.

അദ്ദേഹം എത്ര ഗാംഭീര്യത്തോടെയും പ്രൗഢിയോടും കൂടിയാണോ സത്യം ചെയ്യുകയും കള്ളവാദികൾക്ക് ശാപം ചൊരിയുകയും ചെയ്തത്, അതുപോലെ ഇവരും തങ്ങളുടെ വാദത്തിൽ സത്യസന്ധരാണെങ്കിൽ സത്യം ചെയ്യട്ടെ. എല്ലാ ഉലമാക്കളും ഒന്നിച്ചു ചേർന്ന് പാകിസ്ഥാനിൽ ഈ ശപഥം പ്രസിദ്ധപ്പെടുത്തട്ടെ. മറ്റ് സ്ഥലങ്ങളിൽ അതിന്റെ പരിഭാഷയും പ്രസിദ്ധീകരിക്കട്ടെ. അതായത്, ഞങ്ങൾ വിളംബരപ്പെടുത്തുന്നു; അതായത് അഹ്മദിയ്യാ ജമാഅത്തിന്റെ കലിമ യഥാർഥത്തിൽ മറ്റൊന്നാണ്, ഇവർ കലിമ ചൊല്ലുമ്പോൾ മുഹമ്മദ് റസൂലുല്ലാഹ്(സ) എന്ന് പറയുന്നുവെങ്കിലും അതിന്റെ ഉദ്ദേശ്യം മിർസാ ഗുലാം അഹ്മദ് ഖാദിയാനിയാണ്, ഇവരുടെ ശരീഅത്തും അല്ലാഹുവും വേറെയാണ്, മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ നബി(സ)നേക്കാളും ശ്രേഷ്ഠനാണെന്നും എല്ലാ പ്രതാപത്തിലും ഉന്നതനാണെന്നും മനസ്സിലാക്കുന്നു, ഞങ്ങൾ അല്ലാഹുവിനെ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണെന്നും കള്ളവാദികൾക്കുമേൽ അവന്റെ ശാപം ഇറങ്ങുമെന്നും ഉറപ്പായും മനസ്സിലാക്കിക്കൊണ്ട് ഞങ്ങൾ പ്രാർഥിക്കുകയാണ്; ഞങ്ങളാണ് അസത്യവാന്മാരെങ്കിൽ ഞങ്ങൾക്ക് മേൽ ഇഹലോകത്തും പരലോകത്തും ശാപമിറങ്ങുകയും ഞങ്ങളെ നിന്ദ്യരും ഇളിംഭ്യരും ആക്കുകയും ചെയ്യേണമേ.

ചുരുക്കത്തിൽ ഇവർ കറ്റുകെട്ടി പറയുന്നതിൽ അൽപമെങ്കിലും ആത്മാഭിമാനികളാണെങ്കിൽ വിശ്വാസമുണ്ടെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനെ ആണയിട്ട് സത്യം ചെയ്തതുപോലെ ഇവരും സത്യം ചെയ്യട്ടെ. പിന്നെ അല്ലാഹുവിന്റെ വിധി എങ്ങനെയാണ് വെളിപ്പെടുന്നതെന്ന് കാണുക.

ശാപപ്രാർഥന ചെയ്യുന്നത് ഞാൻ തടഞ്ഞിട്ടുണ്ട്, പക്ഷേ ഇവർക്കുള്ളിലുള്ള അക്രമത്തിന്റേയും ധിക്കാരത്തിന്റേയും വാഞ്ചയും കളവിലും കറ്റുകെട്ടിലുമുള്ള തന്റേടവും കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ചാലഞ്ച് (അതിനുള്ളിലും ഒരു ചാലഞ്ച് ഉണ്ട്) അവർക്ക് മുന്നിൽ വെച്ചുകൊണ്ട് നിങ്ങൾക്കും ധൈര്യമുണ്ടെങ്കിൽ യഥാർഥത്തിൽ മുത്തഖീംകളും (ദോഷ

ബാധയെ സൂക്ഷിക്കുന്നവരും) അല്ലാഹുവിൽ വിശ്വസിക്കുന്ന വരുമാണെങ്കിൽ നിങ്ങളും ഈ ധൈര്യം കാണിക്കുക എന്ന് പറയുകയല്ലാതെ നിർവാഹമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്ര അന്തസ്സോടുകൂടിയാണ് അല്ലാഹുവിനെ സാക്ഷിയാക്കി ക്കൊണ്ട്, അവനെ സാക്ഷിയും കാണുന്നവനുമാണെന്ന് മനസ്സി ലാക്കിക്കൊണ്ട് ശപഥം ചെയ്യുകയും വിളംബരപ്പെടുത്തുകയും ചെയ്യുന്നത്. അതുപോലെ നിങ്ങളും ചെയ്യുക, അതായത് എതിരിലുള്ള ഇവർ അസത്യവാന്മാരും പിഴച്ചവരും ധിക്കാരി കളും റസൂലുല്ലാഹ്(സ)നെ അവഹേളിക്കുന്നവരും ഇസ്‌ലാം ദീനിൽ നിന്ന് പുറത്തുപോയവരും ബഹായികളെപ്പോലെ പു തിയ ദീൻ ഉണ്ടാക്കിയവരും ആകുന്നു. ഇതൊക്കെയാണ് ആ രോപണങ്ങൾ. ഇക്കാര്യങ്ങളെക്കുറിച്ച് മേൽ വിളംബരം പ്രസി ദ്ധപ്പെടുത്തിയതിനു ശേഷം അല്ലാഹുവിന്റെ വിധി എന്ത് തീരു മാനമാണ് എടുക്കുന്നതെന്ന് നോക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ''അവസാനമായി പൊതുജനങ്ങൾക്ക് മുന്നിൽ ഞാൻ പ്രഖ്യാപിക്കുകയാണ്; ഞാൻ കാഫിറല്ല, **ലാഇലാഹ ഇല്ലല്ലാഹ്** എന്റെ വിശ്വാസമാ കുന്നു, നബി(സ)നെക്കുറിച്ച് لٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ എന്നതാ ണ് എന്റെ ഈമാൻ. ഞാൻ എന്റെ ഈ വിശ്വാസസാധൂകര ണത്തിന്നായി അല്ലാഹുവിന്റെ എല്ലാ നാമങ്ങളുടേയും വിശുദ്ധ ഖുർആനിലെ അക്ഷരങ്ങളുടേയും അല്ലാഹുവിന്റെ പക്കൽ നബി(സ) തിരുമേനിയുടെ സമ്പൂർണതകളുടേയും അത്രയും തവ ണ ഞാൻ സത്യം ചെയ്യുന്നു. അല്ലാഹുവിന്റേയും റസൂൽ(സ)ന്റേ യും അരുളപ്പാടുകൾക്കെതിരിൽ എനിക്ക് ഒരു വിശ്വാസവുമില്ല. ആരെങ്കിലും അങ്ങനെ ധരിക്കുന്നുവെങ്കിൽ അത് അയാളുടെ തെറ്റിദ്ധാരണയാകുന്നു. ഇനിയും എന്നെ കാഫിറാണെന്ന് മന സ്സിലാക്കുകയും കളവാക്കുന്നതിൽ നിന്ന് പിന്മാറാതിരിക്കുക യും ചെയ്യുന്നുവെങ്കിൽ ഓർക്കുക, മരണശേഷം അയാൾ ചോ ദിക്കപ്പെടുന്നതാണ്.

*(കറാമാത്തുസ്സ്വാദിഖീൻ,റൂഹാനി ഖസായിൻ ഭാഗം:7, പേജ്:67)*

മറുപടിയിൽ ഊക്കും പ്രൗഢിയുമുണ്ട്, അതോടൊപ്പം കാരുണ്യത്തിന്റെ അംശവുമുണ്ട്, അതായത് മരണശേഷം ചോദിക്കപ്പെടുന്നതാണ്. പക്ഷേ ഇവർ എല്ലാ പരിധിയും അതിലംഘിച്ചിരിക്കുന്നു. തങ്ങൾ കള്ളവാദികളാണെങ്കിൽ തങ്ങളോട് അല്ലാഹു ഈ ലോകത്തു വച്ചുതന്നെ ചോദിക്കട്ടെ എന്നാണ് ഇവർ പറയേണ്ടത്. ഈ ലോകത്തും ഞങ്ങൾക്ക് മേൽ കന്മഴ വർഷിക്കട്ടെ എന്ന് പറഞ്ഞ ആളെപ്പോലെയാണിത്. അങ്ങനെ ആകാശത്തു നിന്ന് കന്മഴ വർഷിക്കപ്പെടുകയുണ്ടായി.

ഇത്രമാത്രം ഇവർ പരിധിലംഘിച്ചിരിക്കുകയാൽ ഇനി കുറേക്കൂടി മുന്നോട്ട് പോയി ഇങ്ങനെ വിളംബരപ്പെടുത്തട്ടെ, *അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ പറയുന്നു, ഞങ്ങൾ അസത്യവാന്മാരാണെങ്കിൽ അല്ലാഹു ഈ ലോകത്ത് ഞങ്ങൾക്ക് മേൽ ശാപം ചൊരിയട്ടെ, അഹ്മദികൾ മുഹമ്മദ് മുസ്തഫാ(സ) ന്റെ കലിമയല്ല ചൊല്ലുന്നത്, മറിച്ച് മിർസാ ഗുലാം അഹ്മദിന്റെ കലിമ ചൊല്ലുന്നവരാണ്. മുഹമ്മദീ ദീനിന്റെ ആളുകളല്ല, മറിച്ച് മറ്റൊരു ദീൻ ഉണ്ടാക്കിയിരിക്കുകയാണ്. ഇവർ ഖുർആന്റെ വക്താക്കളല്ല, മറിച്ച് ഖുർആന് നിരക്കാത്ത മറ്റൊരു പുതിയ ഗ്രന്ഥം ഉണ്ടാക്കിയിരിക്കുകയാണ്. ഇവരുടെ ശരീഅത്ത് ബഹായികളുടേതു പോലെ മറ്റൊന്നാണ്. ഇവരുടെ അല്ലാഹു വേറെയാണ്, ഇവരുടെ റസൂൽ വേറെയാണ്, മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ നഊദുബില്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്(സ) നേക്കാളും ശ്രേഷ്ഠനാണെന്ന് മാത്രമല്ല ദൈവമാണെന്ന് തന്നെ വിശ്വസിക്കുന്നു. ഞങ്ങൾ ഈ വാദങ്ങളിൽ അസത്യവാന്മാരാണെങ്കിൽ അല്ലാഹു ഞങ്ങളെ നശിപ്പിക്കുകയും നിന്ദ്യരാക്കുകയും ചെയ്യട്ടെ.*

ഇവരുടെ ഈ വാദങ്ങളും ജൽപ്പനങ്ങളും ഇതേ പുസ്തകത്തിൽ ഉണ്ട്.

ഇനി ഇത് ചെയ്യുക, ഇത് ചെയ്ത് നോക്കുകയാണെങ്കിൽ ഞാൻ നിങ്ങളോട് ഉറപ്പായും പറയുന്നു, അല്ലാഹുവിന്റെ ഉഗ്രപ്രതാപം തീർച്ചയായും വെളിപ്പെടുന്നതാണ്, അല്ലാഹുവിന്റെ വിധി എങ്ങനെയാണ് അവരെ ധൂളീകരിക്കുന്നതെന്നും അവരെ നിന്ദ്യരും

ഇളിംഭ്യരും പരാജിതരുമാക്കുന്നതെന്നും നിങ്ങൾ നിങ്ങളുടെ കൺമുമ്പിൽ കാണുന്നതാണ്. പരാജയം ഏതായാലും അവർക്ക് വിധിക്കപ്പെട്ടതാണ്. എങ്കിലും നാം അല്ലാഹുവിനോട് അർഥിക്കുന്നതും അവനോട് എപ്പോഴും പ്രത്യാശിക്കുകയും ചെയ്യുന്നത്, അല്ലാഹു അവർക്ക് സന്മാർഗം നൽകുകയും അല്ലാഹു അവരോട് കരുണ കാണിക്കുകയും ചെയ്യട്ടെ എന്നും അങ്ങനെ അവർ തങ്ങളുടെ തിന്മയിൽ നിന്ന് പിന്മാറട്ടെ എന്നുമാണ്. കാരണം ഞങ്ങൾ ദൈവത്വം ഏറ്റെടുക്കുന്നില്ല. അത് അല്ലാഹു താൻ തന്നെ നബി(സ)നോട് വിലക്കിയതാണ്. ഇവരിൽ ആരാണ് ശിക്ഷക്ക് പാത്രീഭൂതരാകുകയെന്നും ഇവർക്കിടയിൽ ആരാണ് ശുദ്ധഹൃദയരെന്നും നമുക്ക് അറിവില്ല. അതുകൊണ്ട് പൂർണമായും ശാപപ്രാർഥന നടത്താൻ മനസ്സ് തയ്യാറാകുന്നില്ല. ഇപ്പോൾ ഞാൻ മുന്നോട്ട് വെക്കുന്ന സംഗതി, അതിന്റെ വിവക്ഷ ഇവരിൽ ആരെങ്കിലും ധൈര്യവാനുണ്ടെങ്കിൽ സ്വയം മുന്നോട്ട് വരണമെന്നാണ്. ഞങ്ങൾ ശാപപ്രാർഥന ചെയ്യുന്നില്ല, സ്വയം മുന്നോട്ട് വന്ന് തങ്ങളുടെ വാദത്തെ പിന്തുണച്ചുകൊണ്ട് അസത്യവാന്മാരാണെങ്കിൽ തങ്ങൾക്ക് മേൽ ശാപമെന്ന് പ്രാർഥിക്കട്ടെ. ഇതിന് അവർക്ക് ധൈര്യമുണ്ടെങ്കിൽ മുന്നോട്ട് വരട്ടെ. അല്ലാഹുവിന്റെ വിധി എങ്ങനെയാണ് അവരെ നിന്ദ്യരും ഇളിംഭ്യരും ആക്കുന്നതെന്ന് നിങ്ങൾ കാണുമാറാകും.

(അവ: ഖുത്ബ ജുമുഅ 6/3/1987)

## *അല്ലാഹുവാണ് സത്യം,*
## *ഇബ്നു മർയം മരണപ്പെട്ടിരിക്കുന്നു,*
## *ആ മഹാത്മാവ് സ്വർഗസ്ഥനായിരിക്കുന്നു.*

(ദുർറെ സമീൻ)

# ആയിനയേ
# കമാലാത്തെ ഇസ്‌ലാം

### ശപഥം ചെയ്യുന്നതു കൊണ്ടുള്ള ഉദ്ദേശ്യം:

ശപഥം ചെയ്യുന്നത് സംബന്ധിച്ച് നല്ല പോലെ ഓർക്കേണ്ട സംഗതി, പ്രതാപവാനായ അല്ലാഹുവിന്റെ ശപഥങ്ങളെ മനുഷ്യൻ സത്യം ചെയ്യുന്നതിനോട് താരതമ്യപ്പെടുത്തുന്നത് ശരിയല്ല. അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുന്നത് അല്ലാഹു വിലക്കിയിട്ടുണ്ട്. അതിനുള്ള കാരണം മനുഷ്യൻ സത്യം ചെയ്യുമ്പോൾ അവന്റെ ഉദ്ദേശ്യം, അവൻ ആരുടെ പേരിലാണോ സത്യം ചെയ്യുന്നത് അതിനെ ദൃക്സാക്ഷിയുടെ സ്ഥാനത്ത് അവരോധിക്കുക എന്നാണ്. അതിന് അയാളുടെ ശപഥത്തെ തന്റെ സ്വന്തം അറിവുകൊണ്ട് സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യാൻ കഴിയുമെന്ന് സാരം. നിങ്ങൾ ചിന്തിച്ചു നോക്കൂ, ശപഥത്തിന്റെ യഥാർഥ ഉദ്ദേശ്യം സാക്ഷ്യം തന്നെയാണ്. മനുഷ്യൻ നിസ്സാര സാക്ഷികളെ സമർപ്പിക്കാൻ നിസ്സഹായനാകുമ്പോഴും സത്യം ചെയ്യലിനെ ആശ്രയിക്കുന്നു. അങ്ങനെ അതുമുഖേന ഒരു ദൃക്സാക്ഷിയുടെ സാക്ഷ്യത്തിന്റെ പ്രയോജനം നേടാൻ ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹു അല്ലാതെയും മറ്റുപലതും സദാ സന്നിഹിതവും സാക്ഷ്യവുമാണെന്നും അതിനും സാക്ഷ്യം നൽകാനോ നിഷേധിക്കാനോ ശിക്ഷിക്കാനോ മറ്റേതെങ്കിലും കാര്യത്തിന് കഴിവുണ്ടെന്നോ കരുതുകയും വിശ്വസിക്കുകയും ചെയ്യുന്നത് തികച്ചും കുഫ്ർ ആകുന്നു. അതുകൊണ്ട്തന്നെ എല്ലാ ദൈവിക ഗ്രന്ഥങ്ങളിലും നൽകിയിരിക്കുന്ന അദ്ധ്യാപനം, മനുഷ്യൻ അല്ലാഹുവല്ലാത്ത ഒന്നിന്റേയും പേരിൽ സത്യം ചെയ്യരുതെന്നാണ്. അല്ലാഹുവിന്റെ ശപഥങ്ങളെ മനുഷ്യൻ സത്യം ചെയ്യുന്നതു പോലെ ഗണിക്കുന്നത്

ശരിയല്ല. കാരണം ശപഥം ചെയ്യുമ്പോൾ മനുഷ്യന് ഉണ്ടാകുന്ന പ്രയാസങ്ങൾ അല്ലാഹുവിന് ഇല്ല. മറിച്ച് അവന്റെ ശപഥം ചെയ്യൽ മറ്റൊരു തലത്തിലാണ്. അത് അവന്റെ പ്രതാപത്തിന് അനുയോജ്യവും അവന്റെ സ്വഭാവത്തിന് അനുഗുണവുമാകുന്നു.

*(ആയിനയെ കമാലാത്തെ ഇസ്‌ലാം പേജ്: 95,96 അടിക്കുറിപ്പ്*
*റൂഹാനി ഖസാഇൻ ഭാഗം :5, പേജ്:95,96)*

എന്റെ പ്രേമഭാജനമേ! **നിന്റെ ഏകത്വമാണ് സത്യം,** നിന്റെ സ്നേഹത്തിൽ ഞാൻ എന്നെത്തന്നെ മറന്നു പോയിരിക്കുന്നു

*(ആയിനയെ കമാലാത്തെ ഇസ്‌ലാം പേജ്: 225*
*റൂഹാനി ഖസാഇൻ ഭാഗം: 5, പേജ് : 225)*

وَاللّٰهِ إِنِّي قَدْ رَأَيْتُ جَمَالَهٗ    بِعُيُوْنِ جِسْمِيْ قَاعِدًا بِمَكَانِيْ

**അല്ലാഹുവാണ് സത്യം**, ഞാൻ ആ മഹാത്മാവിന്റെ സൗന്ദര്യം ദർശിച്ചിരിക്കുന്നു. എന്റെ ഭൗതിക കണ്ണുകൾ കൊണ്ട് എന്റെ വീട്ടിൽ വെച്ചു തന്നെ.

*(ആയിനയെ കമാലാത്തെ ഇസ്‌ലാം പേജ്: 593*
*റൂഹാനി ഖസാഇൻ ഭാഗം:5, പേജ് : 593)*

# ഹഖീഖത്തുൽ വഹ്‌യ്

ഈ ഉമ്മത്തിൽ ജനിക്കുന്ന ചില ആളുകൾ യഹൂദികൾ എന്നു പറയപ്പെടും അതുപോലെ തന്നെ ഈ ഉമ്മത്തിൽ ജനിക്കുന്ന ഒരു വ്യക്തി ഈസാ എന്നും വാഗ്ദത്ത മസീഹ് എന്നും വിളിക്കപ്പെടും. ഹദ്റത്ത് ഈസാ (അലൈഹിസ്സലാമി)നെ അകാശത്ത് നിന്നു ഇറക്കുകയും അദ്ദേഹത്തിന്റെ സ്വതന്ത്ര നുബൂവത്തിന്റെ കുപ്പായം മാറ്റി ഉമ്മത്തി ആക്കേണ്ട ആവിശ്യവും എന്താണ്? ഇനി ഈ നടപടികളൊക്കെ ശിക്ഷാ എന്ന രീതിയിലാണെന്നും കാരണം അദ്ദേഹത്തിന്റെ ഉമ്മത്ത് അദ്ദേഹത്തെ ദൈവമാക്കിയി

രിക്കുകയാണെന്നും പറയുകയാണെങ്കിൽ ഈ മറുപടിയും വ്യർഥമാണ്. ഇക്കാര്യത്തിൽ ഈസാ(അ) എന്തു പിഴച്ചു?

ഞാൻ ഇക്കാര്യങ്ങളൊന്നും എന്തെങ്കിലും അനുമാനത്തിന്റെയോ ഊഹത്തിന്റെയോ അടിസ്ഥാനത്തിലല്ല പറയുന്നത് മറിച്ച് ഞാൻ അല്ലാഹുവിൽ നിന്ന് വഹ്‌യ് കരസ്ഥമാക്കികൊണ്ടാണ് പറയുന്നത്. അവനാണ് എനിക്ക് ഈ അറിയിപ്പ് നൽകിയത് എന്നു **ഞാൻ അവനെ സത്യം ചെയ്തുകൊണ്ട് പറയുന്നു.** കാലം എനിക്കു സാക്ഷ്യം നൽകുന്നു. ദൈവിക അടയാളങ്ങളും എനിക്കു സാക്ഷ്യം നൽകുന്നു.

*(ഹഖീഖത്തുൽ വഹ്‌യ് പേജ് 30,31,*

*റൂഹാനി ഖസാഇൻ ഭാഗം: 22 പേജ് 33)*

എന്റെ കാലഘട്ടത്തിൽ തന്നെ റമദാൻ മാസത്തിൽ സൂര്യ ചന്ദ്രഗ്രഹണങ്ങൾ ഉണ്ടായി. എന്റെ കാലഘട്ടത്തിൽ തന്നെ രാജ്യത്തിൽ, വിശുദ്ധ ഖുർആന്റെയും സ്വഹീഹ് ഹദീസുകളുടെയും മുൻകാല ഗ്രന്ഥങ്ങളുടെയും അടിസ്ഥാനത്തിൽ പ്ലേഗ് ഉണ്ടായി. എന്റെ കാലഘട്ടത്തിൽ തന്നെ പുതിയസഞ്ചാര മാർഗം അതായത് റയിൽ ആരംഭിച്ചു. എന്റെ കാലഘട്ടത്തിൽ തന്നെ എന്റെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ ഭയാനകമായ ഭൂകമ്പങ്ങളുണ്ടായി. ആയതിനാൽ എന്നെ കളവാക്കുന്ന കാര്യത്തിൽ ധൈര്യം കാണിക്കരുത് എന്നല്ലേ തഖ്‌വ ആവശ്യപ്പെടുന്നത്?

നോക്കുക, **ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് കൊണ്ട് പറയുന്നു;** ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടിരിക്കുന്നു, വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു, മേലിലും വെളിപ്പെട്ടുകൊണ്ടിരിക്കും. ഇതു മനുഷ്യനിർമിതപദ്ധതിയാണെങ്കിൽ ഇത്രമാത്രം പിന്തുണയും സഹായവും ഒരിക്കലും ലഭ്യമാകുമായിരുന്നില്ല. ആയിരക്കണക്കിനു ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടു കഴിഞ്ഞിരിക്കേ ജനങ്ങളെ വഞ്ചിക്കുന്നതിനു വേണ്ടി രണ്ടു കാര്യങ്ങൾ സമർപ്പിച്ചു കൊണ്ട് ഇന്ന ഇന്ന പ്രവചനങ്ങൾ പൂർത്തിയായില്ല എന്നു പറയുന്നത് നീതിക്കും വിശ്വാസത്തിനും നിരക്കുന്നതല്ല.

അല്ലയോ അൽപജ്ഞാനികളേ, ബുദ്ധിഹീനരേ, നീതിയിൽ നിന്നും വിശ്വസ്തതയിൽ നിന്നും അകന്നു പോയവരേ! ആയിരക്കണക്കിനു പ്രവചനങ്ങൾ പൂർത്തിയായത് നിങ്ങൾക്കു മനസ്സിലായില്ല എന്നു കരുതി ഈ ഒഴിവു കഴിവു മുഖേന അല്ലാഹുവിന്റെ മുന്നിൽ നിങ്ങൾക്ക് കാരണം ബോധിപ്പിക്കാം എന്നു കരുതുന്നുണ്ടോ?

പശ്ചാത്തപിക്കുവിൻ, അല്ലാഹുവിന്റെ ദിവസം സമീപസ്ഥമാണ്. ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന ആ ദൃഷ്ടാന്തം വെളിപ്പെടാൻ പോകുകയാണ്.*

*(ഹഖീഖത്തുൽ വഹ്‌യ് പേജ് :45,46*

*റൂഹാനി ഖസാഇൻ ഭാഗം:22 പേജ്:48)*

*__അടിക്കുറിപ്പ്__*

*എന്റെ പിന്തുണക്കുവേണ്ടി ഇന്നേവരെ വെളിപ്പെട്ട ദൈവിക ദൃഷ്ടാന്തങ്ങളെ കണക്കാക്കുകയാണെങ്കിൽ അത് മൂന്നു ലക്ഷത്തിലുമധികം ഉണ്ടായിരിക്കും. എന്നിരിക്കെ ഇത്രമാത്രം അടയാളങ്ങളിൽ രണ്ടു മൂന്ന് അടയാളങ്ങൾ ഏതെങ്കിലും എതിരാളിയുടെ ദൃഷ്ടിയിൽ സംശയാസ്പദമാണെന്നു കരുതി അവയെ കുറിച്ച് ബഹളം വെക്കുന്നതും ഇത്രമാത്രം അടയാളങ്ങളിൽ നിന്നും പ്രയോജനം എടുക്കാതിരിക്കുന്നതുമാണോ ഈ ആളുകളുടെ തഖ്‌വ? പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ തത്തുല്യമായതു കണ്ടിട്ടില്ലേ?*

---

ഇനി ഞാൻ **വ അമ്മാ ബി നിഅ്മത്തി റബ്ബിക്ക ഫഹദ്ദിസ്** *(നിന്റെ നാഥന്റെ അനുഗ്രഹത്തെ എടുത്തു പറയുക)* എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. അല്ലാഹു എന്നെ (വരിഷ്ഠ ദാസന്മാരുടെ) മൂന്നാമത്തെ പദവി*യിൽ ഉൾപെടുത്തിക്കൊണ്ട് എനിക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ എന്റെ പരിശ്രമം കൊണ്ടുള്ളതല്ല മറിച്ച് മാതാവിന്റെ ഉദരത്തിൽ വെച്ചു തന്നെ എനിക്കു ലഭ്യമായതാണ്. എന്റെ പിന്തുണയിൽ അവർ വെളിപ്പെടുത്തിയ ആ ദൃഷ്ടാന്തങ്ങൾ ഇന്നത്തെ ദിവസം 1906 ജൂലൈ 16 മുതലു

---

** വരിഷ്ഠദാസന്മാരുടെ മൂന്നാമത്തെ പദവി എന്നത് കൊണ്ടുള്ള വിവക്ഷ മറ്റാർക്കും കാണിക്കാൻ സാധ്യമല്ലാത്ത അതുല്യമായ മഹത്തായ അടയാളം കാണി ക്കുന്നവർ എന്നാകുന്നു. അവലംബം: ഹഖീഖത്തുൽ വഹ്‌യ് പേജ് 66, റൂഹാനി ഖസാഇൻ ഭാഗം 22 പേജ് 69 - വിവ.*

ള്ളതാണ്. ഞാൻ അവയെ തനിയെത്തനിയെ കണക്കാക്കുകയാണെങ്കിൽ **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടു പറയുന്നു;** അവ മൂന്നു ലക്ഷത്തിലും അധികം ഉണ്ടായിരിക്കും ആർക്കെങ്കിലും എന്റെ ശബ്ദത്തിൽ വിശ്വാസം ഇല്ലെങ്കിൽ ഞാൻ അയാൾക്കു തെളിവ് നൽകാൻ സന്നദ്ധനാണ്.

*(ഹഖീഖത്തുൽ വഹ്‌യ് പേജ്:67*
*റൂഹാനി ഖസാഇൻ ഭാഗം: 22 പേജ്:70*)

പ്ലേഗിന്റെ ദിവസങ്ങളിൽ ഖാദിയാനിൽ പ്ലേഗ് അതിശക്തമായിരുന്നു. എന്റെ മകൻ ശരീഫ് അഹ്മദ് രോഗിയായി . ശക്തമായ പനി അനുഭവപ്പെട്ടു. അതു കാരണം കുട്ടി അബോധാവസ്ഥയിലായി അബോധാവസ്ഥയിൽ രണ്ടു കൈയ്യുമിട്ടടിക്കാൻ തുടങ്ങി. മനുഷ്യൻ മരണത്തിൽ നിന്നും മോചിതനല്ലെങ്കിലും കുട്ടി പ്ലേഗ് ശക്തമായ ഈ ദിവസങ്ങളിൽ മരണപ്പെടുകയാണെങ്കിൽ എതിരാളികളെല്ലാം ഈ പനി പ്ലേഗാണെന്ന് വരുത്തിത്തീർക്കും എന്നും അല്ലാഹുവിന്റെ പരിശുദ്ധ വഹ്‌യ് **ഇന്നീ ഉഹാഫിസു കുല്ല മൻ ഫിദ്ദാർ** അതായത് നിന്റെ ഭവനത്തിന്റെ നാല് മതിൽകെട്ടുകൾക്ക് അകത്തുള്ളവരെ ഞാൻ സംരക്ഷിക്കുമെന്ന വഹ്‌യിനെ കളവാക്കുമല്ലോ എന്നും എനിക്ക് ചിന്തയുണ്ടായി. ഈ ചിന്ത കാരണം എന്റെ ഹൃദയത്തിലുണ്ടായ വേദനയെക്കുറിച്ച് എനിക്കുവിവരിക്കാൻ സാധ്യമല്ല. ഏകദേശം രാത്രി പന്ത്രണ്ടു മണിയായപ്പോൾ കുട്ടിയുടെ അവസ്ഥ വളരെ സങ്കീർണമായി. ഇത് സാധാരണ പനിയല്ലെന്നും ആ ആപത്ത് തന്നെയാണെന്നുമുള്ള ഭയം ഹൃദയത്തിലുണ്ടായി. എന്റെ മാനസികാവസ്ഥ ഞാൻ എന്തു പറയാൻ! ദൗർഭാഗ്യവശാൽ കുട്ടി മരണപ്പെടുകയാണെങ്കിൽ ദുഷ്പ്രകൃതരായ ആളുകൾക്ക് സത്യത്തെ മറച്ചുപിടിക്കാൻ ഒരുപാട് കാര്യങ്ങൾ കൈവരും, ഇതേ അവസ്ഥയിൽ ഞാൻ വുളു ചെയ്യുകയും നമസ്കാരത്തിനായി നിൽക്കുകയും ചെയ്തു. ഞാൻ നിന്നപ്പോൾ ഉടൻ തന്നെ ദു:ആ സ്വീകാര്യതയുടെ ഒരു വ്യക്തമായ അടയാളത്തിന്റെ അവസ്ഥ എനിക്കു ലഭ്യമായി. **ആരുടെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ**

**അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു.** ഞാൻ അപ്പോൾ മൂന്നു റക്കാത്ത് നമസ്കരിച്ചിട്ടുണ്ടാകും. എനിക്ക് ജാഗ്രതാദർശനാവസ്ഥയുണ്ടായി. ഞാൻ കശ്ഫിൽ കുട്ടി പൂർണമായും സുഖപ്പെട്ടതായി കണ്ടു. അങ്ങിനെ ആ കശ്ഫി അവസ്ഥ ഇല്ലാതായി. കുട്ടി സ്വബോധത്തോടെ കട്ടിലിൽ ഇരുന്നു വെള്ളം ചോദിക്കുന്നതാണ് ഞാൻ കണ്ടത്. ഞാൻ നാല് റക്കഅത്ത് പൂർത്തിയാക്കിട്ടുണ്ടായിരുന്നു. ഉടൻ തന്നെ കുട്ടിക്ക് വെള്ളം കൊടുത്തു. ദേഹത്ത് കൈവെച്ചുനോക്കിയപ്പോൾ പനിയുടെ ലക്ഷണം പോലുമുണ്ടായിരുന്നില്ല .

*(ഹഖീഖത്തുൽ വഹീയ് പേജ്:85,86*
*റൂഹാനി ഖസാഇൻ ഭാഗം:22 പേജ്:87,88)*

**ഇരുപത്തിയൊന്നാമത്തെ അടയാളം:**

ഏകദേശം മുപ്പതു വർഷമായിട്ടുണ്ടാകും എന്റെ പിതാവ് (അല്ലാഹു അദ്ദേഹത്തിന് ഒരുപാട് അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ) തന്റെ അവസാന കാലഘട്ടത്തിൽ രോഗിയായി. അദ്ദേഹം മരിക്കാൻ നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം എനിക്ക് ഇൽഹാം ഉണ്ടായി. **വസ്സമാ ഇ വത്ത്വാരിഖ്** അതോടൊപ്പം തന്നെ ഇത് അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള കുറിച്ചുള്ള സൂചനയാണെന്നും എന്റെ മനസ്സിൽ കോറിയിട്ടു. അതായത് ആകാശത്തെ കൊണ്ട് സത്യം, സൂര്യാസ്തമയ ശേഷം സംഭവിക്കാനുള്ള അത്യാപത്തിനെ കൊണ്ടും സത്യം, ഇത് അല്ലാഹുവിന്റെ ഭാഗത്തു നിന്ന് തന്റെ ദാസനോടുള്ള സഹതാപം ആയിരുന്നു. അപ്പോൾ എന്റെ പിതാവ് സൂര്യാസ്ഥമയത്തിനു ശേഷം മരണമടയുമെന്നു എനിക്കു മനസ്സിലായി . ജനങ്ങൾക്ക് ഈ ഇൽഹാമിനെ കുറിച്ച് നേരത്തെ അറിയിപ്പ് കൊടുത്തിരുന്നു. **ആരുടെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത്, ആരുടെ പേരിൽ കളവുപറയുന്നത് ശൈതാന്റെയും ശപിക്കപ്പെട്ടവന്റെയും പ്രവർത്തിയാണോ ആ അല്ലാഹുവാണെ സത്യം** അതെല്ലാം അങ്ങിനെ തന്നെ സംഭവിച്ചു.

*(ഹഖീഖത്തുൽ വഹീയ് പേജ്:209*
*റൂഹാനി ഖസാഇൻ ഭാഗം:22 പേജ്:218)*

അപ്പോൾ ആ സമയത്ത് അനുഭവപ്പെട്ട മയക്കത്തിൽ ഈ രണ്ടാമത്തെ ഇൽഹാമും ഉണ്ടായി, **അലയ്സല്ലാഹു ബി കാഫിൻ അബ്ദഹൂ** (അല്ലാഹു അവന്റെ ദാസന് മതിയായവനല്ലേ?) ഈ ദൈവിക വെളിപാടിനോടൊപ്പം വളരെ കടുത്ത വേദനയുള്ള ഒരു മുറിവ്, ലേപനം കൊണ്ട് പെട്ടെന്ന് സുഖപ്പെടുന്നതു പോലെ ഹൃദയത്തിന് ശക്തി ലഭിക്കുമാറായി. യഥാർഥത്തിൽ ദൈവിക വെളിപാടിൽ മനസ്സിന് സാന്ത്വനം നൽകാനുള്ള ഒരു സ്വതസിദ്ധമായ കഴിവുണ്ടെന്നത് പലപ്പോഴും പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. ദൈവിക ഇൽഹാം മുഖേന ഉണ്ടാകുന്ന ദൃഢജ്ഞാനമാണ് ആ സവിശേഷതയുടെ അടിവേര്. അഹോ കഷ്ടം, ഇൽഹാമുണ്ടാകുമെന്ന വാദമുണ്ടായിട്ടും നമ്മുടെ ഇൽഹാം ഊഹാപോഹങ്ങളാണെന്നും അതോ ശൈത്വാനിയാണോ റഹ്മാനിയാണോ എന്നറിയില്ലെന്നും ഇത്തരം ഇൽഹാമുകളിൽ ഉപകാരത്തേക്കാൾ കൂടുതൽ ഉപദ്രവമാണെന്നും ഒക്കെ പറയുന്നവരുടെ ഇൽഹാം എത്തരത്തിലുള്ളവയാണ്? എന്നാൽ **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറയുന്നു;** ഞാൻ ഇൽഹാമുകളിൽ, വിശുദ്ധ ഖുർആനിലും മറ്റ് ദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നതു പോലെതന്നെ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആൻ ദൃഢമായും ഉറപ്പായും ദൈവിക വചനമാണെന്ന് മനസ്സിലാക്കുന്നതു പോലെ എനിക്ക്മേൽ അവതരിക്കുന്ന വചനങ്ങളേയും അല്ലാഹുവിന്റെ വചനങ്ങളാണെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു.

*(ഹഖീഖത്തുൽ വഹീയ് പേജ്: 210,211*
*റൂഹാനി ഖസാഇൻ ഭാഗം:22 പേജ്:219,220)*

**നൂറ്റിയഞ്ചാമത്തെ അടയാളം:**

ഒരിക്കൽ എന്റെ സഹോദരൻ മർഹൂം മിർസാ ഗുലാം ഖാദിർ സാഹിബിനെ കുറിച്ച് എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടു; അദ്ദേഹത്തിന്റെ ജീവിതം കുറച്ച് ദിവസം മാത്രമേ ഉള്ളൂ, കൂടിയാൽ പതിനഞ്ച് ദിവസം. തുടർന്ന് അദ്ദേഹം കഠിനതരമായ രോഗിയായി. എത്രത്തോളമെന്നാൽ ശ്വാസം മാത്രം ബാക്കിയായി.

ഒരുപാട് മെലിഞ്ഞു, കട്ടിലിൽ ഇരുന്നാൽ അതിൽ ഒരാൾ ഇരിക്കുന്നുണ്ടോ അതല്ല ഒഴിഞ്ഞ കട്ടിലാണോ എന്ന് മനസ്സിലാകുമായിരുന്നില്ല. മലവും മൂത്രവും കട്ടിലിൽ തന്നെ പോയിരുന്നു. അബോധാവസ്ഥയായിരുന്നു.

എന്റെ വന്ദ്യ പിതാവ് മർഹൂം മിർസാ ഗുലാം മുർത്തളാ സാഹിബ് നല്ല നിപുണനായ വൈദ്യനായിരുന്നു. അദ്ദേഹം പറഞ്ഞു; ഈ അവസ്ഥ നിരാശയുടേയും പ്രതീക്ഷ ഇല്ലായ്മയുടേയും ആകുന്നു. ഏതാനും ദിവസങ്ങൾ മാത്രം.

എനിക്ക് ആ സമയത്ത് യുവത്വത്തിന്റെ പ്രസരിപ്പുണ്ടായിരുന്നു, ദൈവമാർഗത്തിലെ അത്യദ്ധ്വാനത്തിന് ശക്തിയുണ്ടായിരുന്നു, എന്റെ സ്വഭാവം, എല്ലാ കാര്യത്തിലും അല്ലാഹുവിനെ സർവശക്തനാണെന്ന് കരുതുക എന്നതാണ്. വാസ്തവത്തിൽ ആർക്കാണ് അവന്റെ ശക്തികളുടെ അറ്റം കണക്കാക്കാൻ കഴിയുക? വാസ്തവത്തിൽ അവന്റെ വാഗ്ദാനങ്ങൾക്ക് എതിരും അവന്റെ അന്തസ്സിന് നിരക്കാത്തതും അവന്റെ തൗഹീദിന് വിപരീതവുമല്ലാത്ത കാര്യങ്ങളൊന്നും അവന് മുന്നിൽ അസാദ്ധ്യമായിട്ടില്ല. അതുകൊണ്ട് ആ അവസ്ഥയിലും ഞാൻ അദ്ദേഹത്തിനു വേണ്ടി ദു:ആ ചെയ്യാൻ തുടങ്ങി. ഈ ദു:ആ കൊണ്ട് എന്റെ അറിവിൽ മൂന്ന് കാര്യങ്ങളിൽ വർദ്ധനവുണ്ടാക്കാമെന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചു. ഒന്ന്, ദൈവസവിധത്തിൽ ദു:ആ സ്വീകരിക്കപ്പെടാൻ മാത്രം ഞാൻ യോഗ്യനാണോ? രണ്ട്, മുന്നറിയിപ്പ് എന്ന നിലക്ക് ഉണ്ടാകുന്ന സ്വപ്നങ്ങളും ഇൽഹാമുകളും (പുലരുന്നത്) പിന്തള്ളപ്പെടാറുണ്ടോ? മൂന്ന്, വെറും ശ്വാസം മാത്രമായ രോഗി ദു:ആ കൊണ്ട് സുഖപ്പെടുമോ? ഏതായാലും ഞാൻ ഈ നിലക്ക് ദു:ആ ചെയ്യാൻ തുടങ്ങി.

**എന്റെ ജീവൻ ആരുടെ കയ്യിലിരിക്കുന്നുവോ അവനാണ് സത്യം;** ദു:ആയോടൊപ്പം മാറ്റങ്ങൾ കണ്ടുതുടങ്ങി, ഇതിനിടയിൽ മറ്റൊരു സ്വപ്നത്തിൽ, അദ്ദേഹം തന്റെ മുറ്റത്ത് സ്വയം നടക്കുന്നതായും കാണുകയുണ്ടായി. വാസ്തവത്തിൽ മറ്റൊരാളാണ് അദ്ദേഹത്തെ തിരിഞ്ഞും മറിഞ്ഞും കിടക്കാൻ സഹായിച്ചിരുന്നത്. അങ്ങനെ ദു:ആ ചെയ്ത് ചെയ്ത് പതിനഞ്ച് ദിവസ

ങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിൽ ആരോഗ്യത്തിന്റെ പ്രകട മായ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അദ്ദേഹം സ്വയം നടക്കാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. അങ്ങനെ അദ്ദേഹം പരസഹായ ത്തോടെ എഴുന്നേൽക്കുകയും വടികുത്തി നടക്കാൻ തുടങ്ങു കയും പിന്നെ വടി ഉപേക്ഷിക്കുകയും ചെയ്തു. ഏതാനും ദിവ സം കൊണ്ട് പൂർണമായും ആരോഗ്യവാനായി. തുടർന്ന് പതി നഞ്ച് വർഷം വരെ ജീവിച്ചിരുന്നതിനുശേഷം പിന്നെ വഫാ ത്തായി.

*(ഹഖീഖത്തുൽ വഹീയ് പേജ് 253,254*
*റൂഹാനി ഖസാഇൻ ഭാഗം 22 പേജ് 265,266)*

**നൂറ്റിമുപ്പത്തിയഞ്ചാമത്തെ അടയാളം:**

ഒരിക്കൽ പ്രമേഹം കാരണം അത് എനിക്ക് ഏകദേശം ഇരുപത് വർഷമായിയുണ്ട്. കണ്ണുകളുടെ കാഴ്ചയെ സംബന്ധിച്ച് എനിക്ക് വളരെ വേവലാതിയുണ്ടായിരുന്നു. ഇത്തരം രോഗങ്ങളിൽ കണ്ണി ൽ നിന്ന് വെള്ളം ഇറങ്ങുന്ന വളരെ കഠിനമായ പ്രയാസം ഉണ്ടാ കാറുണ്ട്. ആ സമയത്ത് അല്ലാഹു തന്റെ അനുഗ്രഹവും ഔദാ ര്യവും മുഖേന തന്റെ വഹിയിലൂടെ സാന്ത്വനവും സമാധാനവും സ്വസ്ഥതതയും തന്നരുളുകയുണ്ടായി. ആ വഹ്യ് ഇപ്രകാ രമാണ്:

نزلت الرحمة علیٰ ثلٰث۔ العین وعلی الأُخریین

അതായത് മൂന്ന് അവയവങ്ങളിൽ അനുഗ്രഹം ചൊരിയപ്പെ ട്ടിരിക്കുന്നു. കണ്ണുകളിലും മറ്റ് രണ്ട് അവയവങ്ങളിലും. അവയെ കുറിച്ച് വ്യക്തമാക്കിയിട്ടില്ല. **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** പതിനഞ്ച് ഇരുപത് വയസ്സുള്ള പ്പോൾ ഉണ്ടായിരുന്ന അതേ കാഴ്ച ശക്തി ഈ പ്രായത്തിലും ഏകദേശം എഴുപതു വയസ്സായിരിക്കുന്നു ഇന്നും നിലനിൽ ക്കുന്നു. ഇത് അല്ലാഹു തന്റെ വഹ്യിൽ വാഗ്ദാനം നൽകിയ അതേ അനുഗ്രഹമാണ്.

*(ഹഖീഖത്തുൽ വഹ്യ് പേജ് 306*
*റൂഹാനി ഖസാഇൻ ഭാഗം 22 പേജ് 319)*

## നൂറ്റിമുപ്പത്തിയെട്ടാമത്തെ അടയാളം

ഓർക്കുക, ദൈവദാസന്മാരുടെ സ്വീകാര്യത തിരിച്ചറിയാനുള്ള ഒരു വലിയ അടയാളം ദു:ആ സ്വീകാര്യതയാണ്. ദു:ആ സ്വീകാര്യതപോലെ മറ്റൊരു അടയാളവുമില്ല കാരണം ദു:ആ സ്വീകാര്യത ഒരു വ്യക്തിക്ക് ദൈവസവിധത്തിലുള്ള വിലയും അന്തസ്സും തെളിയിക്കുന്നു. ദു:ആ സ്വീകരിക്കപ്പെടുക എന്നത് എല്ലായിടത്തും നിർബന്ധമൊന്നുമല്ല. ചിലപ്പോൾ പ്രതാപവാനായ അല്ലാഹു തന്റെ ഇംഗിതവും നടപ്പിൽ വരുത്തുന്നു. എന്നാൽ ആദരവുടയവനായ നാഥന്റെ സ്വീകാര്യരായ ദാസന്മാരുടെ ഒരു അടയാളം മറ്റുള്ളവരെ അപേക്ഷിച്ച് അവരുടെ ദു:ആ കൂടുതലായി സ്വീകരിക്കപ്പെടുന്നുവെന്നതും ദു:ആ സ്വീകാര്യതയിൽ ആർക്കും അവരെ നേരിടാൻ കഴിയില്ല എന്നതും നിസ്തർക്കമാണ്. **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** എന്റെ ആയിരക്കണക്കിനു ദു:ആകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഞാൻ അവയെല്ലാം എഴുതുകയാണെങ്കിൽ ഒരു ബൃഹത്ഗ്രന്ഥമായിത്തീരുന്നതാണ്.

*(ഹഖീഖത്തുൽ വഹ്യ് പേജ് 321*
*റൂഹാനി ഖസാഇൻ ഭാഗം22 പേജ് 334)*

**ആരുടെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് ഞാൻ പറയുന്നു;** അവൻ തന്നെയാണ് എന്നെ അയച്ചത്, അവൻ തന്നെയാണ് എനിക്ക് നബി എന്ന പേര് വെച്ചതും. അവൻ തന്നെയാണ് എന്നെ മസീഹ് മൗഊദ് എന്ന പേരിൽ വിളിച്ചത്. അവൻ എന്റെ സത്യസാക്ഷ്യത്തിനു വേണ്ടി വലിയ വലിയ അടയാളങ്ങൾ വെളിപ്പെടുത്തി. അത് മൂന്ന് ലക്ഷത്തോളം വരും. അതിൽ നിന്ന് ഉദാഹരണമെന്നോണം കുറച്ച് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്
.

*(ഹഖീഖത്തുൽ വഹ്യ് പേജ് 68, അനുബന്ധം*
*റൂഹാനി ഖസാഇൻ ഭാഗം22 പേജ് 503)*

## അമേരിക്കയിലെ കള്ള പ്രവാചകൻ ഡോ.ജോൺ അലക്സാണ്ടർ ഡ്യൂയി എന്റെ പ്രവചനപ്രകാരം മരണമടഞ്ഞു

### നൂറ്റി തൊണ്ണൂറ്റി ആറാമത്തെ അടയാളം

മേൽ ശീർഷകത്തിൽ പറഞ്ഞിട്ടുള്ള വ്യക്തി, ഇസ്ലാമിന്റെ കഠിന ശത്രു ആയിരുന്നു, കൂടാതെ അയാൾ കള്ള പ്രവാചകത്വ വാദം ഉന്നയിച്ചു. നബിമാരുടെ നായകനും സത്യവാന്മാരിൽ സത്യവാനും പ്രവാചക ശ്രേഷ്ഠനും പരിശുദ്ധവാന്മാരുടെ നേതാവുമായ വിശുദ്ധ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) നെ കള്ളനും കറ്റുകെട്ടുകാരനുമായി മനസ്സിലാക്കുകയും ചെയ്തിരുന്നു, തന്റെ വൃത്തിഹീനത കാരണം നീചമായ ശകാരങ്ങളും മ്ലേഛമായ വാക്കുകളും തിരുനബി(സ)യെ കുറിച്ച് ഉപയോഗിച്ചിരുന്നു. ചുരുക്കത്തിൽ ശക്തമായ ഇസ്ലാം ദീനിനോടുള്ള വെറുപ്പ് കാരണം അയാളുടെ ഉള്ളിൽ അവിശുദ്ധ സ്വഭാവങ്ങൾ ഉണ്ടായിരുന്നു. വരാഹങ്ങൾക്ക് മുന്നിൽ മുത്തുകൾക്കു വിലയില്ലാത്തതു പോലെ അയാൾ ഇസ്ലാമിക തൗഹീദിനെ കുറിച്ച് വളരെ നിന്ദാ ദൃഷ്ടിയോടെയാണ് കണ്ടിരുന്നത്. അതിനെ ഇല്ലാതാക്കാൻ ആഗ്രഹിച്ചിരുന്നു. ഹദ്റത്ത് ഈസാ(അ) ദൈവമാണെന്ന് മനസ്സിലാക്കുകയും ലോകത്ത് ത്രിയേകത്വം പരത്താൻ വളരെ ആവേശഭരിതനുമായിരുന്നു. ഞാൻ നൂറുക്കണക്കിന് പാതിരിമാരുടെ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെങ്കിലും ഇയാളെപ്പോലുള്ള ആവേശം മറ്റാരിലും ഞാൻ കണ്ടിട്ടില്ല.

*(ഹഖീഖത്തുൽ വഹീയ് പേജ് 69 അനുബന്ധം/*
*റൂഹാനി ഖസാഇൻ ഭാഗം22 പേജ് 504,505)*

എന്റെ യഥാർഥ ജോലി കുരിശ് ഉടയ്ക്കുകയാണ്. അയാളുടെ (ഡോ.ജോൺ അലക്സാണ്ടർ ഡ്യൂയിയുടെ) മരണം കാരണം കുരിശിന്റെ വലിയൊരു ഭാഗം തകർന്നു പോയി. കാരണം

അയാൾ കുരിശിനെ പിന്തുണക്കുന്നവരിൽ ലോകത്തിലെ ഏറ്റവും മുൻനിരയിലെ ആളായിരുന്നു. അയാൾ പ്രവാചകനാണെന്ന് വാദിക്കുകയും തന്റെ പ്രാർഥനകൊണ്ട് മുഴുവൻ മുസ്‌ലിംകളും നശിക്കുമെന്നും ഇസ്‌ലാം ഇല്ലാതായി തീരുമെന്നും കഅ്ബ വിജനമാകുമെന്നും പറയുകയും ചെയ്തിരുന്നു. ഏതായാലും അല്ലാഹു എന്റെ കരങ്ങളാൽ അയാളെ നശിപ്പിച്ചു. പന്നിയെ കൊല്ലും എന്ന പ്രവചനം അയാളുടെ മരണത്തോടെ വളരെ വ്യക്തമായി പുലർന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം കള്ളപ്രവാചകത്വം വാദിക്കുകയും പന്നിയെ പോലെ അഴുക്കുകൾ ഭക്ഷിക്കുകയും ചെയ്യുന്നവനേക്കാൾ വലിയ അക്രമി മറ്റാരുണ്ട്? അയാൾ എഴുതിയത് വലിയ ധനാഢ്യരായ ഒരു ലക്ഷത്തോളം ആളുകൾ അയാളോടൊപ്പമുണ്ടെന്നാണ്. വാസ്തവമെന്തെന്നാൽ, മുസയ്‌ലിമ കദ്ദാബും അസ്‌വദ് അൻസിയും അയാൾക്കു മുന്നിൽ ഒന്നും തന്നെയല്ല. അവർ അയാളെപ്പോലെ പ്രസിദ്ധരോ കോടിക്കണക്കിന് രൂപയുടെ ഉടമസ്ഥരോ അല്ലായിരുന്നു. ചുരുക്കത്തിൽ നബി(സ), വാഗ്ദത്ത മസീഹിന്റെ കയ്യാൽ വധിക്കപ്പെടുമെന്ന് പറഞ്ഞ വരാഹം ഇയാൾ തന്നെയാണെന്ന് എനിക്ക് സത്യം ചെയ്തു പറയാൻ കഴിയും.

*(ഹഖീഖത്തുൽ വഹ്‌യ് പേജ് 77 അനുബന്ധം/*
*റൂഹാനി ഖസാഇൻ ഭാഗം22 പേജ് 513)*

## മൂന്നാമത്തെ തവണയും
# മുവായിരം രൂപ ഇനാം
## പ്രഖ്യാപിച്ചുകൊണ്ടുള്ള വിളംബരം

ആഥിമിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അയാൾ പൊതുജനങ്ങൾക്കിടയിൽ നമ്മുടെ സാന്നിദ്ധ്യത്തിൽ വളരെ വ്യക്തമായ വാക്കുകളിൽ സത്യം ചെയ്തു പറ

യട്ടെ, അതായത് പ്രവചനത്തിന്റെ കാലപരിധിയിൽ താൻ ഇസ്ലാമിലേക്ക് അൽപം പോലും ചാഞ്ഞിട്ടില്ലായെന്നും ഇസ്ലാമിന്റെ സത്യതയും മഹത്വവും തന്റെ ഹൃദയത്തിൽ ഭയത്തിന്റെ ഒരു പ്രഭാവവും ഉണ്ടാക്കിയിട്ടില്ലായെന്നും ഇസ്ലാമിക പ്രവചനത്തിന്റെ ആത്മീയ ഗാംഭീര്യം അൽപം പോലും തന്റെ ഹൃദയത്തെ സ്വാധീനിച്ചിട്ടില്ലെന്നും മറിച്ച് താൻ യേശു ദൈവമാണെന്നതിലും ദൈവപുത്രനാണെന്നതിലും പാപപരിഹാരത്തിലും ഉറച്ചു വിശ്വസിച്ചുകൊണ്ടിരുന്നുവെന്നും അഥവാ താൻ യാഥാർഥ്യത്തിന് എതിരായാണ് പറയുന്നതെങ്കിൽ, സത്യത്തെ മറച്ചുവെക്കുകയാണെങ്കിൽ അല്ലയോ സർവശക്തനായ നാഥാ, ഒരു വർഷത്തിനകം കളവാക്കുന്നവർക്ക് മേൽ ഇറങ്ങേണ്ട മരണത്തിന്റെ ആപത്ത് ഇറക്കി എന്നെ നശിപ്പിച്ചാലും. ഈ ശപഥമാണ് നാം അയാളോട് ആവശ്യപ്പെടുന്നത്, അതിനു വേണ്ടി നാം തുടരെത്തുടരെ വിളംബരം ഇറക്കി, ഇപ്പോൾ അത് മുവായിരത്തിൽ എത്തിയിരിക്കുന്നു. **നാം സത്യം ചെയ്തുകൊണ്ട് പറയുന്നു;** നാം കൃത്യമായി ലിഖിതരൂപത്തിൽ അതായത് നിബന്ധനകൾ പ്രകാരം വിളംബരത്തിൽ 1894 സെപ്തംബർ 9ന് കരാർ എഴുതി ഈ മുവായിരം രൂപ സത്യം ചെയ്യുന്നതിനു മുമ്പേ നൽകുന്നതാണ്. പിന്നീട് സത്യം ചെയ്താൽ മതി..... അയാൾ സത്യം ചെയ്യാൻ മുന്നോട്ട് വരുമെന്ന് ഇനിയും ആർക്കെങ്കിലും പ്രതീക്ഷയുണ്ടോ, ഇല്ല, ഒരിക്കലും വരില്ല. അയാൾ കള്ളത്തരത്തിന്റെ മരണം വരിച്ചിരിക്കുന്നു, ഇനി ഖബ്റിൽ നിന്ന് എങ്ങനെ വരാനാണ്?

*(മജ്മൂഅ ഇശ്തിഹാറാത്ത് ഭാഗം : 2, പേജ് : 64 ... 68,*
*പ്രസാധനം : അശ്ശിർക്ക ത്തുൽ ഇസ്ലാമിയ റബ്വ)*

# തജല്ലിയാത്തെ ഇലാഹിയ്യ

വിശുദ്ധ ഖുർആനും, ഹദീസും പഠിച്ചതിനുശേഷം അത് നിഷ്ഫലമാക്കിക്കളഞ്ഞ നമ്മുടെ എതിരാളികളായ മൗലവിമാരുടെ ആക്ഷേപങ്ങൾ ഇവയൊക്കെയാകുന്നു. **വഊദ്** അഥവാ താ

ക്കീതുപരമായിട്ടുള്ള പ്രവചനങ്ങളും, **വഅദ** അഥവാ വാഗ്ദാനപരമായിട്ടുള്ള പ്രവചനങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഇവർക്ക് ഇതുവരെ മനസ്സിലായിട്ടില്ല.

ആഥിമിന്റെ സംഭവത്തിനുശേഷം ലേഖ്റാമിനെ സംബന്ധിച്ച് ചെയ്ത പ്രവചനത്തിൽ ഒരു നിബന്ധനയും ഉണ്ടായിരുന്നില്ല. കൂടാതെ അതിൽ സമയവും മരണത്തിന്റെ രീതിയും വ്യക്തമായി പറയപ്പെട്ടിരുന്നു. അത് എത്ര സ്പഷ്ടമായിട്ടാണ് പുലർന്നതെന്ന് ചിന്തിച്ചാൽത്തന്നെ മതിയായിരുന്നു. എന്നാൽ, വിദ്വേഷം കൊണ്ട് ഹൃദയത്തിൽ അന്ധത ബാധിച്ചാൽ പിന്നെ ആർക്കാണ് ചിന്തിക്കാൻ കഴിയുന്നത്? ഹൃദയത്തിൽ അല്പം നീതിനിഷ്ഠ ഉണ്ടായിരുന്നെങ്കിൽ അത്യധികം സരളമായ ഒരു മാർഗം അവർക്ക് സ്വീകരിക്കാമായിരുന്നു. അതായത്, പൂർത്തിയായിട്ടില്ലെന്ന് അവർക്ക് ആക്ഷേപമുള്ള പ്രവചനങ്ങൾ എത്രയെന്ന് എഴുതി എന്റെ മുമ്പിൽ കൊണ്ടുവരികയും, പിന്നെ പൂർത്തിയായ പ്രവചനങ്ങൾ എത്രയുണ്ടെന്നും, അവയെ സംബന്ധിച്ച് എന്നോട് തെളിവ് ആവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ, ഈ പരീക്ഷയിലൂടെ സകല മറകളും നീക്കപ്പെടുമായിരുന്നു. **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുകയാണ്,** അവരുടെ പക്കൽ ആക്ഷേപത്തിന് പാത്രമായിട്ടുള്ളത്, ഭയവും, ആശങ്കയും കാരണമായി കാലതാമസം നേരിടുമെന്ന് നിബന്ധനയുള്ള, ഒന്ന് രണ്ട് താക്കീതുപരമായ പ്രവചനങ്ങൾ മാത്രമാണ്. പശ്ചാത്താപം, ദാനധർമം, പ്രാർഥന എന്നിവ മുഖേന അത്തരം പ്രവചനങ്ങൾ നീങ്ങിപ്പോകുമെന്നുള്ളത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു.

*(തജല്ലിയാത്തെ ഇലാഹിയ്യ പേജ്: 17 -19*
*റൂഹാനി ഖസാഇൻ ഭാഗം20 പേജ് 406-408)*

ദിനന്തോറും വിവിധ തരത്തിലുള്ള അടയാളങ്ങൾ കാണിച്ചുകൊണ്ട് എന്റെ മൂഢന്മാരായ എതിരാളികളെ അല്ലാഹു ഇളിഭ്യരാക്കിക്കൊണ്ടിരിക്കുകയാണ്. ഇബ്റാഹീമിനോട് ഭാഷണവും സംബോധനയും ചെയ്തതുപോലെ, തദനന്തരം ഇസ്ഹാഖിനോടും ഇസ്മാഈലിനോടും യഅ്ഖൂബിനോടും, യൂസുഫ്

നബിയോടും, മൂസാനബിയോടും, ഈസബ്നു മർയമിനോടും എല്ലാവർക്കുംശേഷം നമ്മുടെ നബി(സ)തിരുമേനിയോട് അത്യധികം പ്രകാശമയവും, പരിശുദ്ധവുമായ വെളിപാടിലൂടെ സംഭാഷണം നടത്തിയ, **ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുകയാണ്,** അവൻ തന്നെയാണ് എന്നെയും ഭാഷണവും, സംബോധനയുംകൊണ്ട് മഹത്ത്വപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, നബി(സ)തിരുമേനിയെ അനുധാവനം ചെയ്തതുകൊണ്ടു മാത്രമാണ് ഈ ശ്രേഷ്ഠത എനിക്ക് കരസ്ഥമായിരിക്കുന്നത്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ പെടാതിരിക്കുകയും ആ മഹാത്മാവിനെ അനുകരിക്കാതിരിക്കുകയും, എന്നിട്ട് എന്റെ പ്രവർത്തികൾ ലോകത്തിലെ സർവ്വ പർവ്വതങ്ങൾക്ക് സമാനമായിത്തീരുകയും ചെയ്താലും, എനിക്ക് ഒരിക്കലും ദൈവികഭാഷണത്തിന്റേയും സംബോധനകളുടേയും ഈ ശ്രേഷ്ഠത കരസ്ഥമാകുമായിരുന്നില്ല. കാരണം, ഇപ്പോൾ മുഹമ്മദീ പ്രവാചകത്വമൊഴികെ, മറ്റ് സർവ്വ പ്രവാചകത്വങ്ങളും അടഞ്ഞിരിക്കുകയാകുന്നു. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത പ്രവാചകൻ വരാവുന്നതാണ്. പക്ഷേ, അദ്ദേഹം ആദ്യം ഉമ്മത്തിൽപ്പെട്ടവനായിരിക്കണം.

*(തജല്ലിയാത്തെ ഇലാഹിയ്യ പേജ് :24,25*
*റൂഹാനി ഖസാഇൻ ഭാഗം20 പേജ് 411,412)*

# സിറാജെ മുനീർ

ഇപ്പോൾ നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ കൗതുകകരമാണ്. സങ്കടവുമുണ്ട്, സന്തോഷവുമുണ്ട്. സങ്കടത്തിനുള്ള കാരണം, ലേഖ്റാം പിന്തിരിഞ്ഞിരുന്നുവെങ്കിൽ കുറഞ്ഞപക്ഷം ദുർനാക്കിൽ നിന്ന് പിന്മാറിയിരുന്നുവെങ്കിൽ **അല്ലാഹുവാണെ,** ഞാൻ അയാൾക്കു വേണ്ടി ദു:ആ ചെയ്തേനെ. അയാൾ തുണ്ടംതുണ്ടമാക്കപ്പെട്ടാലും ജീവിച്ചിരിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ഞാൻ അറിയാവുന്ന അല്ലാഹുവിന് അസാദ്ധ്യമായിട്ടൊന്നും

തന്നെയില്ല. അതേസമയം പ്രവചനം വളരെ വ്യക്തമായ നിലയിൽ പുലർന്നുവെന്നതിലാണ് സന്തോഷമുള്ളത്.

*(സിറാജെ മുനീർ പേജ് 24*
*റൂഹാനി ഖസാഇൻ ഭാഗം 12 പേജ് 28)*

പന്ത്രണ്ടാമത്തെ പ്രവചനം ഖുർആനിക ജ്ഞാനത്തെക്കുറിച്ചുള്ളതാണ്. അത് ബറാഹീനെ അഹ്മദിയ്യയുടെ 238,239 പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവചനത്തിന്റെ രത്നച്ചുരുക്കം ഇതാണ്: അല്ലാഹു പറയുന്നു, നിനക്ക് ഖുർആനിക ജ്ഞാനം നൽകപ്പെട്ടിരിക്കുന്നു. ആ ജ്ഞാനം കളവിനെ ഇല്ലാതാക്കും. ഈ പ്രവചനത്തിൽ തന്നെ പറയുന്നു; രണ്ട് വ്യക്തികൾക്ക് ഒരുപാട് അനുഗ്രഹം നൽകപ്പെട്ടിരിക്കുന്നു. ഒന്ന്, അദ്ധ്യാപകൻ അദ്ദേഹത്തിന്റെ പേര് മുഹമ്മദ് മുസ്തഫാ(സ) എന്നാകുന്നു. രണ്ട്, ശിഷ്യൻ അതായത് ഈ ഗ്രന്ഥകർത്താവ്. ഇത് ഈ ആയത്തിലേക്കുള്ള സൂചനയുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ

അതായത് ഈ നബിക്ക് ഇനിയും ശിഷ്യന്മാരുണ്ട്, അത് ഇപ്പോൾ വെളിപ്പെട്ടിട്ടില്ല. അവസാന കാലഘട്ടത്തിൽ വെളിപ്പെടുന്നതാണ്. ഈ ആയത്ത് ഈ വിനീതനെ കുറിച്ചുള്ള സൂചനയാണ്. ഇൽഹാമിൽ പറഞ്ഞപോലെ, പരാമർശിച്ചതു പോലെ ആത്മീയമായി ഈ വിനീതനും നബിതിരുമേനി(സ)ന്റെ ശിഷ്യന്മാരിൽ ഉൾപ്പെടുന്നു. ഖുർആനിക അദ്ധ്യാപനങ്ങളിലേക്ക് സൂചന നൽകുന്ന ഈ പ്രവചനത്തിന്റെ സാക്ഷ്യത്തിനു വേണ്ടിയാണ് കറാമാത്തു സ്സ്വാദിഖീൻ എന്ന ഗ്രന്ഥം എഴുതിയത്. അതിലേക്ക് ഒരു എതിരാളിയും ശ്രദ്ധിച്ചില്ല. **എന്റെ ജീവൻ ആരുടെ കയ്യിലിരിക്കുന്നുവോ ആ അല്ലാഹുവാണ് സത്യം,** ഖുർആനിക യാഥാർഥ്യങ്ങളും ഉൾസാരങ്ങളും മനസ്സിലാക്കുന്നതിൽ മറ്റെല്ലാവരേക്കളും ഞാൻ അതിജയിച്ചു നിൽക്കുന്നു, മാത്രമല്ല വിശുദ്ധ ഖുർആൻ തഫ്സീർ രചിക്കുന്നതിന് ഞാൻ ആഹ്വാനം

ചെയ്തതനുസരിച്ച്  എതിരാളിയായ ഏതെങ്കിലും മൗലവി നേരിടാൻ വന്നാൽ അയാൾ നിന്ദ്യനും ലജ്ജിതനുമായി മാറുന്നതാണ്. ചുരുക്കത്തിൽ അല്ലാഹു എനിക്ക് നൽകിയ ഖുർആനികജ്ഞാനം പ്രതാപവാനായ അല്ലാഹു എനിക്ക് നൽകിയ അടയാളമാകുന്നു.

*(സിറാജെ മുനീർ പേജ് 34,35*

*റൂഹാനി ഖസാഇൻ ഭാഗം 12 പേജ് 40,41)*

ബറാഹീനെ അഹ്മദിയ്യയുടെ 227ാം പേജിൽ ഒരു ആര്യവിഭാഗക്കാരനെ കുറിച്ച് പ്രവചനമുണ്ട്. അയാളുടെ പേര് മലാവമൽ എന്നാകുന്നു. അയാൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അയാൾ ശ്വാസംമുട്ടിന്റെ അസുഖത്തിൽ അകപ്പെട്ടു, ഒരു ദിവസം അയാൾ എന്റെയടുത്ത് വന്നു. തന്റെ ജീവിതത്തെക്കുറിച്ച് നിരാശപ്പെട്ട് വളരെ അസ്വസ്ഥതയോടെ കരയാൻ തുടങ്ങി. അയാൾ ആ ദിവസം ഭയാനകമായ സ്വപ്നവും കണ്ടിരുന്നുവെന്നാണ് എന്റെ ഓർമ. എന്റെ ഓർമ അനുസരിച്ച് അയാൾ കണ്ട സ്വപ്നം ഇതായിരുന്നു; അയാളെ ഒരു വിഷപ്പാമ്പ് കടിച്ചു, മുഴുവൻ ശരീരത്തിലും വിഷം വ്യാപിച്ചു. ഈ സ്പനം അയാളെ ഏറെ ദു:ഖിതനാക്കി. നേരത്തെ തന്നെ ഒരു ചെറിയ പനി - അത് ഭക്ഷണം കഴിക്കുമ്പോൾ അധികരിച്ചിരുന്നു - അയാളെ വളരെയേറെ പരിഭ്രാന്തനാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് അയാൾ അസ്വസ്ഥതയിലും ഏറെക്കുറെ നിരാശയിലുമായിരുന്നു. അയാൾ എന്റെയടുത്ത് വന്ന് കരയാൻ തുടങ്ങി, അങ്ങനെ എന്റെ ഹൃദയം അയാളുടെ അവസ്ഥയിൽ മൃദുലമാകുകയും ഞാൻ ആ ഹിന്ദുസുഹൃത്തിനു വേണ്ടി ഏകദൈവസമക്ഷത്തിൽ ദു:ആ ചെയ്യുകയുമുണ്ടായി. ഇതിനു മുമ്പേ ശരംപത്ത് എന്ന ഒരു ഹിന്ദുസുഹൃത്തിനു വേണ്ടിയും ദു:ആ ചെയ്തിരുന്നു. അപ്പോൾ എനിക്ക് ഇൽഹാം ഉണ്ടായി: قُلْنَا يَا نَارُ كُونِي بَرْدًا وَّسَلَامًا

അതായത് നാം  പനിയുടെ താപത്തോട് പറഞ്ഞു; തണുപ്പും സമാധാനവുമായിത്തീരുക. ഇത് ബറാഹീനെ അഹ്മദിയ്യയുടെ 227-ാം പേജിലുണ്ട്. അങ്ങനെ ആ സമയത്ത് അവിടെ ഉണ്ടാ

യിരുന്ന അയാളെ ഇൽഹാമിനെ പറ്റി അറിയിച്ചു. അയാൾ തീർച്ച യായും എന്റെ ദു:ആ ഫലമായി ആരോഗ്യവാനായിത്തീരുമെന്ന് മറ്റ് പലരേയും ഞാൻ അറിയിച്ചിരുന്നു. അതിനു ശേഷം ഒരാഴ്ച കഴിഞ്ഞിട്ടുണ്ടാകില്ല ആ ഹിന്ദുസുഹൃത്ത് അല്ലാഹുവിന്റെ അനു ഗ്രഹത്താൽ ആരോഗ്യവാനായി.

..... **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറ യുന്നു;** ഈ സംഭവം പൂർണമായും ശരിയാകുന്നു, ഇതിൽ അൽ പം പോലും അതിശയോക്തിയില്ല.

*(സിറാജെ മുനീർ പേജ് 53,54*
*റൂഹാനി ഖസാഇൻ ഭാഗം 12 പേജ് 62)*

നാം നീതിപൂർവം നോക്കുകയാണെങ്കിൽ മുഴുവൻ പ്രവാച കത്വ ശൃംഖലയിലും വെച്ച് ഉന്നത സ്ഥാനീയനായ പൗരുഷമുള്ള നബി, ജീവൽ നബി, അല്ലാഹുവിന്റെ ഉന്നത സ്ഥാനീയമായ സ്നേഹമുടയ നബിയായി നാം ഒരു പുരുഷനെ മാത്രമേ അറിയു കയുള്ളൂ, അതായത് നബിമാരുടെ നായകനും റസൂൽമാരുടെ അഭിമാനവും മുർസലീംകളുടെ മകുടമണിയും. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് മുസ്തഫാ അഹ്മദ് മുജ്തബാ (സ) എന്നാകു ന്നു. അദ്ദേഹത്തിന്റെ നിഴലിൽ പത്ത് ദിവസം സഞ്ചരിച്ചാൽ ലഭ്യമാകുന്ന പ്രകാശം അതിനു മുമ്പേ ആയിരം വർഷം സഞ്ചരി ച്ചാലും ലഭ്യമാകുമായിരുന്നില്ല. മറ്റ് ഗ്രന്ഥങ്ങൾ എത്തരത്തിലു ള്ളവയാണ്? നാം അവയുടെ അനുയായികളായിരുന്നുവെങ്കിൽ അവ നമ്മളേയും തിരസ്കൃതരും നിന്ദ്യരും കറുത്ത ഹൃദയരും ആക്കാൻ ആഗ്രഹിക്കുന്നു. അവയുടെ തണലിൽ നാം സ്വയം മൃതരായിപ്പോകുന്നതാണ്, അവയെ ജീവൽ പ്രവാചകത്വമെന്ന് പറയാവതാണോ? തീർച്ചയായും അറിയുക, ഇതെല്ലാം മൃത മാകുന്നു. മൃതന്മാരെക്കൊണ്ട് മൃതരായവർക്ക് പ്രകാശം നൽ കാൻ കഴിയുമോ, യേശുവിനെ ആരാധിക്കുന്നത് കേവലം ഒരു വിഗ്രഹാരാധനയാകുന്നു. **എന്റെ ജീവൻ ആരുടെ കയ്യിലിരി ക്കുന്നുവോ ആ അസ്തിത്വമാണ് സത്യം,** അദ്ദേഹം എന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന് വിനയാ

നിതനായി എനിക്കു വേണ്ടി സാക്ഷ്യം പറയേണ്ടി വരുമായിരുന്നു. ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും ഇതു തന്നെയാണ് സത്യം, സത്യത്തിലാണ് അനുഗ്രഹമുള്ളത്, അവസാനം അതിന്റെ പ്രകാശമാണ് ലോകത്ത് പരക്കുക.

*(സിറാജെ മുനീർ പേജ് 72,73*
*റൂഹാനി ഖസാഇൻ ഭാഗം 12 പേജ് 82 )*

# ബറക്കാത്തുദ്ദു:ആ

ഇവിടെ അല്ലാഹുവിനെ മുൻ നിർത്തി എന്റെ വ്യക്തിപരമായ സാക്ഷ്യങ്ങൾ സയ്യിദ് സാഹിബിന്റെ സമക്ഷത്തിൽ സമർപ്പിക്കുകയാണ്. ഒരു പക്ഷേ അദ്ദേഹത്തിനു മേൽ കരുണചൊരിഞ്ഞേക്കാം. അല്ലയോ പ്രിയപ്പെട്ട സയ്യിദ്, **അല്ലാഹുവാണെ,** സൂര്യനിൽ നിന്ന് ചുമരിൽ കിരണങ്ങൾ പതിക്കുന്നതു പോലെ വഹ്‌യ് ആകാശത്തുനിന്ന് ഹൃദയത്തിൽ പതിക്കുന്നുവെന്നത് വാസ്തവത്തിൽ സത്യമാണ്. ഞാൻ എല്ലാ ദിവസവും കാണുന്നത്, ദൈവികഭാഷണത്തിന്റെ സമയം വരുമ്പോൾ ആദ്യം എനിക്ക് ഒരു മയക്കം അനുഭവപ്പെടുന്നു, അപ്പോൾ ഞാൻ മാറ്റം വന്ന ഒരാളായിത്തീരുന്നു, എന്റെ ബോധവും എന്റെ തിരിച്ചറിവും സംസാരവും ബാക്കിയാകുന്നു. പക്ഷേ ആ സമയത്ത് അതികഠിനമായ ഒരു ശക്തി എന്റെ മുഴുവൻ അസ്തിത്വത്തേയും തന്റെ മുഷ്ടിക്കുള്ളിൽ ആക്കിയതായി അനുഭവപ്പെടുമാറാകുന്നു. എന്റെ അസ്തിത്വത്തിന്റെ മുഴുവൻ ഞരമ്പുകളും അതിന്റെ കരങ്ങളിലാണെന്നും എന്റേതായിട്ടുള്ളതൊന്നും ഇപ്പോൾ എന്റേതല്ലെന്നും മറിച്ച് അതിന്റേതാണെന്നും തോന്നുന്നു.

*(ബറക്കാത്തുദ്ദു:ആ പേജ് 18 അടിക്കുറിപ്പ്*
*റൂഹാനി ഖസാഇൻ ഭാഗം 6 പേജ് 22)*

അവസാനമായി ഞാൻ മുസ്‌ലിംകളോട് ഉപദേശമെന്ന നിലക്ക് പറയുകയാണ്; ഉണരുവിൻ, ഇസ്‌ലാം അതിഭീമമായ കുഴപ്പങ്ങളിൽ ഉഴലുകയാണ്, അതിനെ സഹായിക്കുവിൻ, അതിപ്പോൾ ദരിദ്രാവസ്ഥയിലാണ്. ഇക്കാരണങ്ങൾകൊണ്ട് തന്നെയാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. എനിക്ക് അല്ലാഹു ഖുർആനിക ജ്ഞാനം നൽകിയിരിക്കുന്നു. തന്റെ ഗ്രന്ഥത്തിന്റെ ഉൾസാരങ്ങൾ എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. അഭൗമിക ജ്ഞാനങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആയതിനാൽ എന്റെയടുക്കലേക്ക് വരുവിൻ, ആ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുവിൻ. **എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനാണെ സത്യം,** ഞാൻ അല്ലാഹുവിങ്കൽ നിന്ന് നിയോഗിക്കപ്പെട്ടിരിക്കുന്നു. വ്യക്തമായ ആപത്തുകളുള്ള അതിഭീമമായ ഫിത്നകളുടെ നൂറ്റാണ്ടിന്റെ തലക്കൽ സ്പഷ്ടമായ വാദവുമായി ഒരു മുജദ്ദിദ് വരേണ്ടതും അനിവാര്യമല്ലേ? എന്റെ പ്രവർത്തനങ്ങൾ മുഖേന എത്രയും വേഗം നിങ്ങൾ എന്നെ തിരിച്ചറിയുന്നതാണ്.

*(ബറക്കാത്തുദ്ദുആ പേജ് 31*
*റൂഹാനി ഖസാഇൻ ഭാഗം6 പേജ് 36)*

# ദാഫിഉൽ ബലാഅ്

മൗലവി അഹ്മദ് ഹസൻ സത്യം ചെയ്തു കൊണ്ട് പ്രസിദ്ധീകരിക്കുന്ന വിളംബരത്തിനു ശേഷം അംറൂഹ എന്ന സ്ഥലത്തെ പ്ലേഗിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞാൽ ചുരുങ്ങിയത് മൂന്ന് തണുപ്പുകാലമെങ്കിലും സമാധാനപൂർവം കഴിഞ്ഞു പോയാൽ ഞാൻ അല്ലാഹുവിൽ നിന്നുള്ളവനല്ല. ഇതിനേക്കാൾ വലിയ എന്ത് തീരുമാനമാണ് വേണ്ടത്? **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ആകുന്നു. നബിമാർ വാഗ്ദാനം ചെയ്ത വ്യക്തി ഞാനാകുന്നു. എന്നെ സംബന്ധിച്ചും എന്റെ കാലഘട്ടത്തെ സംബന്ധിച്ചും അക്കാലത്ത് ആകാശത്ത് സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാ

കുമെന്നും ശക്തമായ പ്ലേഗ് പൊട്ടിപ്പുറപ്പെടുമെന്നും തൗറാത്തിലും ഇഞ്ചീലിലും വിശുദ്ധ ഖുർആനിലും പ്രവചനമുണ്ട്. ഇതു തന്നെയാണ് എന്റെ അടയാളവും.

*(ദാഫിഉൽ ബലാഅ് പേജ് 18*
*റൂഹാനി ഖസാഇൻ ഭാഗം 19 പേജ് 238)*

# സനാതൻ ധറം

**ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു,** ഇതു തന്നെയാണ് സത്യം; ദൈവവചനങ്ങൾ മനസ്സിലാക്കാൻ ആദ്യം ഹൃദയത്തെ ഭൗതികാഭിവാഞ്ചയിൽ നിന്ന് പരിശുദ്ധമാക്കണം, അപ്പോഴാണ് അല്ലാഹുവിൽ നിന്ന് ഹൃദയത്തിൽ പ്രകാശം ഇറങ്ങുക. ആന്തരികമായ വെളിച്ചം കൂടാതെ യാഥാർഥ്യം കണ്ടെത്താൻ സാദ്ധ്യമല്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു; لَا يَمَسُّهُ إِلَّا الْمُطَهَّرُونَ

അതായത് ഇത് പരിശുദ്ധന്റെ വചനങ്ങളാകുന്നു, പരിശുദ്ധനാകുന്നതുവരെ ആർക്കും അതിന്റെ രഹസ്യങ്ങളിലേക്ക് എത്താൻ കഴിയില്ല.

*(സനാധൻ ധറം പേജ് 6*
*റൂഹാനി ഖസാഇൻ ഭാഗം 19 പേജ് 473,474)*

# അർബഈൻ

അഹോ കഷ്ടം, വൈജ്ഞാനിക അടയാളത്തിന്റെ മത്സരത്തിൽ വിവരദോഷികളായ ആളുകൾ പീർ മഹർ അലി ശാഹ് ഗോൾഡവിയെ സംബന്ധിച്ച് അന്യായമായ, വ്യർഥമായ വിജയത്തിന്റെ പെരുമ്പറയടിക്കുകയാണ്. എന്നെ മ്ലേച്ഛമായ രീതിയിൽ ശകാരിച്ചു. എന്നെ അയാൾക്കെതിരിൽ ജാഹിലെന്നും വിവരമില്ലാത്തവനെന്നും പറഞ്ഞു. അതായത് ഞാൻ ആ വൈജ്ഞാനിക

നിമിഷത്തേയും ചമൽകാര ചാതുരിയേയും ഭയക്കുകയും അദ്ദേ ഹമാകട്ടെ എന്റെ തഫ്സീറിന്നെതിരിൽ ഹൃദയാത്മനാ അറബി തഫ്സീർ എഴുതാൻ  തയ്യാറായി, ആ ഉദ്ദേശ്യത്തിന് ലഹോറിൽ നിന്ന് വരുകയും ചെയ്തുവത്രെ. പക്ഷെ ഞാൻ അദ്ദേഹത്തിന്റെ പ്രൗഢിയും വൈജ്ഞാനിക പ്രതാപവും കണ്ട് ഓടിപ്പോയി പോലും! അല്ലയോ ആകാശമേ കളവാക്കുന്നവർക്കു മേൽ ശാപം ചൊരിഞ്ഞാലും, ആമീൻ. അനുവാചകരേ, കളവാക്കുന്നവരെ നിന്ദ്യരാക്കാൻ ഇപ്പോൾ അതായത് 1900 ഡിസംബർ 7 വെള്ളി യാഴ്ച അല്ലാഹു എന്റെ ഹൃദയത്തിൽ ഒരു കാര്യം ഇട്ടുതന്നി രിക്കുന്നു. **ആരുടെ നരകമാണോ കള്ളവാദികൾക്ക് വേണ്ടി ജ്വ ലിച്ചുകൊണ്ടിരിക്കുന്നത് ഞാൻ ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** വളരെ ഗൗരവതരമായ രീതിയിൽ കളവാക്കുന്നത് കണ്ടപ്പോൾ ഞാൻ തന്നെയാണ് അഭൗമികമായ ഒരു മത്സരത്തിന് അഭ്യർഥിച്ചത്. അതുകൊണ്ടുതന്നെ പീർ മഹർ അലി ശാഹ് സാഹിബ് ലിഖിതരൂപേണയുള്ള സംവാദത്തിനും അതോടൊപ്പം ബയ്അത്തിനുമുള്ള സ്വയംകൃത നിബന്ധന വെച്ചില്ലായിരുന്നുവെങ്കിൽ ... അതുകാരണം എന്റെ ഉദ്ദേശ്യം പൂർണമായും അസാധുവാക്കപ്പെടുകയാണ് ... ലാഹോറിലും ഖാദിയാനിലും മഞ്ഞിന്റെ മലകൾ തന്നെ ഉണ്ടായിരിക്കുകയും തണുപ്പുകാലമായിരിക്കുകയും ചെയ്താലും ഞാൻ ലാഹോറിൽ എത്തി ദൈവിക അടയാളമെന്ന് എന്തിനെയാണ് പറയുക എന്ന് അയാൾക്ക് കാണിച്ചുകൊടുക്കുമായിരുന്നു.

*(അർബഈൗൻ നമ്പർ 4, അടിക്കുറിപ്പ് പേജ് 17,18*
*റൂഹാനി ഖസാഇൻ ഭാഗം18 പേജ് 448,449)*

## അഞ്ചാമെ ആ്ഥിം

അല്ലാഹു എന്നെ കറ്റുകെട്ടിപ്പറയുന്നവരെ നശിപ്പിക്കുന്നതു പോലെ നശിപ്പിച്ചിട്ടില്ല എന്നത് ഒരു തഖ്‌വയുള്ള ആൾക്ക് മതി

യായതാണ്. മറിച്ച് അവൻ എന്റെ അകതാരിലും ബാഹ്യ ത്തിലും എന്റെ ശരീരത്തിലും ആത്മാവിലും എനിക്ക് കണ ക്കാക്കാൻ പറ്റാത്തത്ര ഔദാര്യങ്ങൾ ചെയ്തു. അല്ലാഹുവിൽ നിന്ന് വഹ്‌യും ഇൽഹാമും ഉണ്ടാകുന്നുവെന്ന് വാദിക്കുമ്പോൾ ഞാൻ യുവാവായിരുന്നു. ഇപ്പോൾ വൃദ്ധനായിരിക്കുന്നു. ആദ്യ കാല വാദങ്ങൾക്ക് 20 വർഷത്തിലധികം കഴിഞ്ഞിരിക്കുന്നു. എന്നേക്കാളും പ്രായം കുറഞ്ഞ ഒരുപാട് ബന്ധുമിത്രാദികൾ മരണമടഞ്ഞിരിക്കുന്നു, അവൻ എനിക്ക് ദീർഘായുസ്സ് നൽകി, എല്ലാ ബുദ്ധിമുട്ടിലും അവൻ എന്റെ സംരക്ഷകനും സഹായി യുമായി. അല്ലാഹുവിനു മേൽ കറ്റുകെട്ടി പറയുന്നവരുടെ ലക്ഷ ണവും ഇതുതന്നെയാണോ? ഇനിയും മൗലവിമാർ എന്നെ കറ്റു കെട്ടിപ്പറയുന്നവനെന്ന് ധരിക്കുന്നുവെങ്കിൽ അതിലും വലിയ ഒരു തീരുമാനമുണ്ട്. അതായത് ഞാൻ പ്രസിദ്ധീകരിച്ച എന്റെ ഇൽഹാമുകളുമായി മൗലവിമാരോട് മുബാഹല ചെയ്യുക എന്നതാണത്.

അതേപോലെ **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊ ണ്ട് പറയുന്നു;** എനിക്ക് യഥാർഥത്തിൽ അവന്റെ സംബോ ധനയും സംഭാഷണവും ലഭ്യമായിരിക്കുന്നു. യഥാർഥത്തിൽ അവൻ എന്നെ ഏറ്റവും വലിയ ഫിത്നയായ ഇസ്‌ലാം ശത്രുത ഇല്ലാതാ ക്കാൻ പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ അയച്ചിരി ക്കുന്നു. അവൻ തന്നെയാണ് എന്റെ പേര് ഈസാ എന്നു വെച്ച തും കുരിശു ഉടക്കാൻ എന്നെ നിയോഗിച്ചതും. പക്ഷേ ഭൗതിക മായ ഏതെങ്കിലും ആയുധം കൊണ്ടല്ല.

*(അഞ്ചാമെ ആഥിം പേജ് 50,51*
*റൂഹാനി ഖസാഇൻ ഭാഗം 11 പേജ് 50,51)*

ഈ ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷിച്ചത് നമുക്കുമേലുള്ള അല്ലാഹുവിന്റെ അനുഗ്രവും ഔദാര്യവുമാകുന്നു. നമ്മുടെ എതിരാളികളാകട്ടെ അവയിൽ കുരുങ്ങിക്കിടക്കുകയുമാണ്. ഏകനും പങ്കുകാരനില്ലാത്തവനുമായ **അല്ലാഹുവിനെ സത്യം**

**ചെയ്തു കൊണ്ട് ഞാൻ പറയുന്നു;** മുബാഹലക്കു മുമ്പും എപ്പോഴും അവൻ എന്റെ സംരക്ഷകനായിരുന്നെങ്കിലും മുബാഹലക്കു ശേഷം അവൻ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ വർഷിച്ചു. ഞാൻ ആദ്യകാല ജീവിതത്തിൽ അതിന് തത്തുല്യമായത് കണ്ടിട്ടില്ല.

*(അഞ്ചാമെ ആഥിം അനുബന്ധം പേജ് 30*
*റൂഹാനി ഖസാഇൻ ഭാഗം11 പേജ് 314)*

ആറ് : ഇനി ഇക്കാര്യങ്ങളൊന്നും ചെയ്യുന്നില്ലെങ്കിൽ നിഷേധിക്കുകയും കളവാക്കുകയും ദുർനാക്ക് ഉപയോഗിക്കുകയും ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കുമെന്നും എല്ലാവരുമായും സ്നേഹത്തോടേയും സംസ്കാരപൂർണമായും ഇടപഴകുമെന്നും ദൈവകോപത്തെ ഭയപ്പെട്ടുകൊണ്ട് മുസ്ലിംകളുടെ ശീലങ്ങൾക്കനുസൃതം പെരുമാറുമെന്നും എല്ലാത്തരം ദ്രോഹങ്ങളിൽ നിന്നും ആഭാസ ങ്ങളിൽ നിന്നും വിട്ടു നിൽക്കുമെന്നും ഇവർ ഞാനുമായും എന്റെ ജമാഅത്തുമായും ഏഴ് വർഷത്തേക്ക് ഉടമ്പടി ചെയ്യട്ടെ. ഈ ഏഴ് വർഷത്തിനുള്ളിൽ എന്റെ ഭാഗത്തു നിന്ന് ദൈവിക സഹായം മുഖേന പ്രകടമായ ഇസ്ലാമിക സേവനം വെളിപ്പെടാതിരിക്കുന്നുവെങ്കിൽ, മസീഹിന്റെ കയ്യാൽ തെറ്റായ മതങ്ങൾ മൃതമാകേണ്ടത് അനിവാര്യമാണെന്നിരിക്കേ ഞാൻ മുഖേന വ്യർഥമതങ്ങൾക്ക് മരണം സംഭവിക്കുന്നില്ലെങ്കിൽ അതായത് എന്റെ കരങ്ങളാൽ ഇസ്ലാം അതിജയിച്ചു നിൽക്കുന്ന ദൃഷ്ടാന്തം വെളിപ്പെടുകയും നാലുഭാഗത്തു നിന്നും ഇസ്ലാമിലേക്ക് ജനങ്ങൾ പ്രവേശിക്കാൻ തുടങ്ങുന്നുമില്ലെങ്കിൽ ക്രിസ്തുമതം ഇല്ലാതാകുകയും ലോകം ഒരു പുതിയ വർണം സ്വീകരിക്കുന്നുമില്ലെങ്കിൽ **അല്ലാഹുവാണെ സത്യം** ഞാൻ എന്നെ കള്ളവാദിയാണെന്ന് മനസ്സിലാക്കുന്നതാണ്. പക്ഷേ ഞാൻ കള്ളവാദിയല്ലെന്നു അല്ലാഹുവിന്നറിയാം.

(അഞ്ചാമെ ആഥിം അനുബന്ധം പേജ് 27 - 35
റൂഹാനി ഖസാഇൻ ഭാഗം 11 പേജ് 311 - 319)

അബ്ദുൽ ഹഖ് ഗസനവിയും അബ്ദുൽ ജബ്ബാറും തങ്ങളുടെ ദ്രോഹങ്ങളുടേയും ആഭാസങ്ങളുടേയും കുഫ്റിലും ശകാരങ്ങളിലും ശക്തി ചെലുത്തുന്നത് അവർക്ക് ഭൂഷണം. തങ്ങളുടെ മരണപ്പെട്ട മഹാത്മാക്കളുടെ ഒസ്യത്ത് അനുസരിക്കാതെ അവരുടെ നിഷേധികളായിത്തീരാതിരിക്കാൻ അവരുടെ വാക്കുകളെക്കുറിച്ച് തീർച്ചയായും അന്വേഷിക്കട്ടെ. ആ മഹാനായ മൗലവി അബ്ദുല്ലാഹ് തന്റെ ജീവിതകാലത്ത് രണ്ട് കത്തുകൾ എന്റെ പേരിൽ അയച്ചിരുന്നു. ആ കത്തുകളിൽ അദ്ദേഹത്തിന് ഇൽഹാമായി അവതരിച്ച ഖുർആനിക വചനങ്ങളോടൊപ്പം എനിക്ക് സന്തോഷവാർത്ത അറിയിച്ചത് ഞാൻ വിജയിക്കുമെന്നാണ്. പിന്നെ അദ്ദേഹം എന്നെ സാക്ഷ്യപ്പെടുത്തിയിരുന്നുവെന്ന് മരണശേഷം അദ്ദേഹത്തെപ്പറ്റി എനിക്ക് വ്യക്തമായി. ആയതിനാൽ **ഞാൻ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറയുന്നു,** അദ്ദേഹം എന്റെ വാദങ്ങൾ കേട്ടപ്പോൾ എനിക്ക് സാക്ഷ്യം നൽകി. വളരെ വ്യക്തമായ ഭാഷയിൽ എന്നോട് പറഞ്ഞു; ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അത്തരം വ്യക്തി അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

*(അഞ്ചാമെ ആഥിം അനുബന്ധം പേജ് 59*
*റൂഹാനി ഖസാഇൻ ഭാഗം 11 പേജ് 343)*

# ആസ്മാനി ഫൈസല

മിയാൻ നദീർ ഹുസയ്ൻ തഖ്വയുടേയും വിശ്വസ്തതയുടേയും മാർഗം പൂർണമായും ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ ഡൽഹിയിൽ മൂന്ന് വിളംബരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത വിളംബരങ്ങളിൽ ഞാൻ മുസ്ലിമാണെന്നും ഇസ്ലാമിന്റെ വിശ്വാസങ്ങളാണ് എനിക്കുള്ളതെന്നും കൂടെക്കൂടെ വെളിപ്പെടുത്തിയിരുന്നു. മാത്രമല്ല എന്റെ ലിഖിതങ്ങളിലോ പ്രഭാഷണങ്ങളിലോ നഊദുബില്ലാഹ് ഇസ്ലാമിക വിശ്വാസങ്ങൾക്കെതിരിൽ

ഒരു സംഗതിയും ഇല്ലെന്നും **പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് സന്ദേശം എത്തിച്ചിരുന്നു.** (അതിനെതിരിലുള്ളത്) കേവലം എതിരാളികളുടെ തന്നെ തെറ്റിദ്ധാരണയാണ്, ഞാൻ ഇസ്‌ലാമിക വിശ്വാസങ്ങളിൽ ഹൃദയാത്മനാ വിശ്വസിക്കുകയും ഇസ്‌ലാമിന് നിരക്കാത്ത വിശ്വാസങ്ങളിൽ നിന്ന് വിരക്തനുമാകുന്നു.

(ആസ്മാനി ഫൈസല പേജ് 3
റൂഹാനി ഖസാഇൻ ഭാഗം4 പേജ് 312)

*ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്കെതിരെ കുഫ്ർ ഫത്‌വ പുറപ്പെടുവിച്ച എല്ലാ സൂഫികളേയും പീറുമാരേയും സിദ്ധപീഠങ്ങളിൽ അവരോധിതരായവരേയും ഉലമാക്കളേയും മത്സരത്തിന് ക്ഷണിച്ചിരുന്നു.* അദ്ദേഹം പറയുന്നു:

ഞാൻ ദൃഢമായും പറയുന്നു, **അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറയുന്നു;** ഞാൻ ഈ മത്സരത്തിൽ പരാജയപ്പെട്ടാൽ ഞാൻ അന്യായത്തിലാണെന്ന് സ്വയം വെളിപ്പെടുത്തുന്നതായിരിക്കും.... ഞാൻ അല്ലാഹുവിൽ നിന്നല്ലെന്നും എന്റെ എല്ലാ വാദങ്ങളും തെറ്റാണെന്നും അതേ സമ്മേളനത്തിൽ വെച്ച് പ്രഖ്യാപിക്കുന്നതുമായിരിക്കും. **അല്ലാഹുവാണെ** എന്റെ നാഥൻ ഒരിക്കലും അങ്ങനെ ചെയ്യുകയോ എന്നെ നഷ്ടത്തിലാക്കുകയോ ചെയ്യുകയില്ലെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു.

*(ആസ്മാനി ഫൈസല പേജ് 13
റൂഹാനി ഖസാഇൻ ഭാഗം 4 പേജ് 330)*

# ഹമാമത്തുൽ ബുശ്റ

وإن إمامي سيد الرسل أحمدُ

തീർച്ചയായും എന്റെ നേതാവ് എല്ലാ പ്രവാചകന്മാരുടേയും നേതാവായ അഹ്മദ്(സ) ആകുന്നു.

رضيناه متبوعا وربّي ينظُرُ

ഞാൻ ആ മഹാത്മാവിന്റെ അനുസരണത്തിൽ
തൃപ്തനാകുന്നു, എന്റെ നാഥൻ കാണുകയും ചെയ്യുന്നുണ്ട്.

ووالله إني قد تبِعتُ محمّدًا

**ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;**
ഞാൻ മുഹമ്മദ്(സ)ന്റെ അനുസാരിയാകുന്നു.

وفي كل آن مِن سناه أُنوَّرُ

എല്ലാ നിമിഷവും ആ മഹാത്മനിൽ നിന്ന്
പ്രകാശം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു.

*(ഹമാമത്തുൽ ബുശ്റ പേജ് 106,107*
*റൂഹാനി ഖസാഇൻ ഭാഗം7 പേജ് 331,332)*

# സുർമ: ചശ്മ: ആരിയ

ഞാൻ സത്യം സത്യമായും പറയുന്നു; കുടുതൽ കാര്യങ്ങളിൽ സമയം കളയാൻ ആഗ്രഹിക്കുന്നില്ല, സൂര്യപ്രകാശം പോലെ പ്രകടമായ വിശുദ്ധ ഖുർആന്റെ പത്ത് പേജുകളിലെ തൗഹീദിന്റെ ദിവ്യജ്ഞാനം ആരെങ്കിലും വേദങ്ങളിലെ ആയിരം പേജുകളിൽ നിന്ന് കാണിക്കുകയാണെങ്കിലും വേദങ്ങളിൽ തൗഹീദ് അഥവാ ഏകദൈവ വിശ്വാസമുണ്ടെന്ന് നാം സമ്മതിക്കുന്നതാണെന്നും ആരെങ്കിലും താൽപര്യപ്പെടുകയാണെങ്കിൽ നിബന്ധന എന്ന നിലക്ക് നാം കഴിവനുസരിച്ച്(തുക) നിശ്ചയിക്കാൻ തയ്യാറാണെന്നും നാം സത്യം ചെയ്തുകൊണ്ട്, **ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** നാം ഏതായാലും നിശ്ചയിക്കപ്പെട്ട നിബന്ധന പ്രകാരം ഏതു തരത്തിലുള്ള തീരുമാനത്തിനും സന്നദ്ധ

മാകുന്നു. എന്നാൽ അനുവാചകർ നല്ലപോലെ ഓർക്കുക, അല്ല യോ ആര്യന്മാരിലെ യുവാക്കളും നവാഗതരുമായവരേ, നിങ്ങളും ഓർത്തിരിക്കുക, വേദങ്ങളിൽ ഒരിക്കലും തൗഹീദ് അഥവാ ഏകദൈവ വിശ്വാസമില്ല. അത് എല്ലായിടത്തും ബഹുദൈവാരാ ധനയുടെ അദ്ധ്യാപനത്താൽ പ്രക്ഷിപ്തമാണ്. തീർച്ചയായും പ്രക്ഷിപ്തമാണ്. ആർക്കും അതിനെ അതിൽ നിന്ന് മുക്തമാ ക്കാൻ സാദ്ധ്യമല്ല. അതിന്റെ എല്ലാ മറകളും തുറക്കപ്പെടുന്ന കാലം വന്നുകൊണ്ടിരിക്കുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹു വിനെ ഭയപ്പെടുവിൻ, ഒരാൾക്കും അവന്റെ നീതിപീഠത്തിൽ നിന്ന് രക്ഷപ്പെടാൻ സാദ്ധ്യമല്ല.

*(സുർമ: ചശ്മ: ആരിയ പേജ് 168*

*റൂഹാനി ഖസാഇൻ ഭാഗം2 പേജ് 216)*

ഞാൻ നിരാശ്രയനും ഏകനുമായ അല്ലാഹുവിന്റെ ദാസൻ മർഹൂം മിർസാ ഗുലാം മുർത്തളാ സാഹിബിന്റെ മകൻ (ബറാ ഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്) ഹംദിനും സ്വലാത്തിനും ശേഷം **പ്രതാപവാനും അന്തസ്സുടയവനുമായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** ഞാൻ എന്റെ പ്രിയംകരമായ ജീവിതത്തിന്റെ നല്ലൊരു പങ്കും മതങ്ങ ളുടെ ഗവേഷണത്തിൽ ചിലവഴിച്ചുകൊണ്ട് ലോകത്ത് സത്യവും ദൈവദത്തവുമായ മതം ഇസ്‌ലാമാണെന്നും ഹദ്റത്ത് സയ്യി ദുനാ വ മൗലാനാ മുഹമ്മദ് മുസ്തഫാ(സ) അല്ലാഹുവിന്റെ ദൂതനും പ്രവാചക ശ്രേഷ്ഠനുമാണെന്നും വിശുദ്ധ ഖുർആൻ പ്രതാപവാനായ അല്ലാഹുവിന്റെ പരിശുദ്ധവും പരിപൂർണവു മായ വചനങ്ങളാണെന്നും അത് എല്ലാ സത്യസാക്ഷ്യങ്ങളും സത്യങ്ങളും അടങ്ങിയതാണെന്നും തെളിയിച്ചതാണ്. കൂടാതെ ഈ പരിശുദ്ധ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ട കാര്യങ്ങളിൽ അല്ലാഹു തന്റെ സ്വന്തം അസ്തിത്വത്തിലും ദൈവാസ്തിക്യ ത്തിന്റെ പൗരാണികതയിലും സമ്പൂർണ കഴിവുകളിലും തന്റെ മറ്റെല്ലാ ഗുണങ്ങളിലും ഏകനും പങ്കുകാരനില്ലാത്തവനും എല്ലാ സൃഷ്ടികളുടേയും സ്രഷ്ടാവും എല്ലാ ആത്മാക്കളേയും കണി

കകളേയും സൃഷ്ടിച്ചവനും ആകുന്നു. സത്യസന്ധനും കൂറു ള്ളവനും വിശ്വാസിക്കും അവൻ എപ്പോഴും മോക്ഷം നൽകുന്ന താണ്. അവൻ കരുണാമയനും കൂടെക്കൂടെ കരുണ ചൊരിയു ന്നവനും നിരുപാധികം കരുണ ചൊരിയുന്നവനും ആകുന്നു. മറ്റെല്ലാ ദൈവിക ഗുണങ്ങളിലും അതേപോലെ തന്നെയാകുന്നു. വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ അദ്ധ്യാ പനങ്ങളും ശരിയും യഥാർഥവുമാകുന്നു. ഞാൻ ഹൃദയാത്മനാ ഈ എല്ലാ കാര്യങ്ങളേയും സത്യമാണെന്നും അവയിൽ ഹൃദ യാത്മനാ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നു.

(സുർമ: ചശ്മ: ആരിയ പേജ് 252,253
റൂഹാനി ഖസാഇൻ ഭാഗം2 പേജ് 302,303)

# ചശ്മയെ മസീഹീ

**എന്റെ ജീവൻ ആരുടെ കയ്യിലിരിക്കുന്നുവോ ആ അല്ലാഹു വാണെ സത്യം,** ഞാൻ എന്റെ പരിശുദ്ധനായ അല്ലാഹുവിന്റെ ഉറപ്പും ദൃഢവുമായ സംബോധനയാൽ അനുഗൃഹീതനാകുന്നു, ഏറെക്കുറെ എല്ലാ ദിവസവും ഞാൻ അനുഗൃഹീതനാക്കപ്പെ ടുന്നു. ദൈവത്തെക്കുറിച്ച് യേശു മിശിഹ പറയുന്നു; നീ എന്നെ കൈവിട്ടതെന്തേ? (എന്നാൽ) അവനൊരിക്കലും എന്നെ കൈ വിട്ടിട്ടില്ലെന്ന് ഞാൻ കാണുന്നു.

*(സുർമ: ചശ്മ: ആരിയ പേജ് 32
റൂഹാനി ഖസാഇൻ ഭാഗം20 പേജ് 353)*

# നസീമെ ദഅ്വത്ത്

അല്ലയോ ബഹുമാന്യരേ! അർശ് എന്തെങ്കിലും ഭൗതിക വസ് തുവോ സൃഷ്ടിയോ ആണെന്നും അതിൽ അല്ലാഹു ഇരിക്കു ന്നുവെന്നതും മുസ്‌ലിംകളുടെ വിശ്വാസമല്ല. മുഴുവൻ വിശുദ്ധ ഖുർആനും ആദ്യം മുതൽ അവസാനം വരെ വായിച്ചു നോ

ക്കുക; അതിൽ ഒരിക്കലും അർശ് എന്തെങ്കിലും പരിമിതമായ വസ്തുവും സൃഷ്ടിയുമാണെന്ന് കണ്ടെത്താൻ സാദ്ധ്യമല്ല. അല്ലാഹു കൂടെക്കൂടെ വിശുദ്ധ ഖുർആനിൽ പറയുന്നു; അസ്തിത്വമുള്ള സകലതിനെയും സൃഷ്ടിച്ചത് ഞാനാകുന്നു, ആകാശവും ഭൂമിയും ആത്മാക്കളും അവയുടെ കഴിവുകളും സൃഷ്ടിച്ചവൻ ഞാൻ തന്നെയാകുന്നു. ഞാൻ എന്റെ അസ്തിത്വത്തിൽ സ്വയം നിലനിൽക്കുന്നു. എല്ലാവസ്തുവും ഞാനുമായി ചേർന്നാണ് നിലകൊള്ളുന്നത്. നിലവിലുള്ള എല്ലാ കണികകളും വസ്തുക്കളും എന്റെ സൃഷ്ടികൾ ആകുന്നു. പക്ഷേ എവിടേയും അർശും ഒരു ഭൗതിക വസ്തുവാണെന്നും അതിനെ ഞാനാണ് സൃഷ്ടിച്ചതെന്നും പറഞ്ഞിട്ടില്ല. ഏതെങ്കിലും ആര്യവിഭാഗക്കാരൻ, അർശ് ഭൗതിക വസ്തുവും സൃഷ്ടിയുമാണെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് തെളിയിച്ചാൽ ഖാദിയാനിൽ നിന്ന് പോകുന്നതിന്നു മുമ്പായി ഞാൻ അയാൾക്ക് ഒരു ലക്ഷം രൂപ ഇനാം കൊടുക്കുന്നതായിരിക്കും. ആരുടെ പേരിൽ കള്ളസാക്ഷ്യം പറയുന്നത് ശപിക്കപ്പെട്ടവരുടെ പ്രവർത്തിയാണോ ആ **അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു;** വിശുദ്ധ ഖുർആനിൽ നിന്ന് അത്തരം ആയത്ത് കാണിച്ചാൽ ഉടൻ തന്നെ ഞാൻ അയാൾക്ക് ആയിരം രൂപ നൽകുന്നതാണ്. അത് കാണിക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ ആദരപൂർവം പറയട്ടെ അല്ലാഹുവിനു മേൽ കള്ളം പറയുന്ന അയാൾ സ്വയം ശാപഗ്രസ്ഥനായിരിക്കും.

*(റൂഹാനി ഖസാഇൻ ഭാഗം 19 പേജ് 453,454*
*നസീമെ ദഅ്വത്ത് പേജ് 84)*

# നുസൂലുൽ മസീഹ്

അല്ലാഹു എല്ലാ വസ്തുക്കളുടേയും ഉടമസ്ഥനായതു കൊണ്ട് അവന് ഏതെങ്കിലും ഗ്രന്ഥത്തിലെ മികച്ച വചനമോ ഏതെങ്കി

ലും കവിതയിലെ മികച്ച വരിയോ എന്റെ ഹൃദയത്തിലേക്ക് വഹ്യ് ആയി ഇറക്കാനും അധികാരമുണ്ട്. ഇത് അറബി ഭാഷ സംബന്ധമായ കാര്യമാണ്. എന്നാൽ ചില ഇൽഹാമുകൾ എനിക്ക് ഒരു പരിചയവുമില്ലാത്ത ഇംഗ്ലീഷ്, സംസ്കൃതം, ഹീബ്രു തുടങ്ങിയ ഭാഷകളിലും ഉണ്ടായിട്ടുണ്ട് എന്നതാണ് ഏറെ ആശ്ചര്യാവഹം. അതിന്റെ ചില മാതൃകകൾ ഞാൻ ബറാഹീനെ അഹ്മദിയ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **ആരുടെ കയ്യിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവാണ് സത്യം;** ഇതു തന്നെയാണ് അല്ലാഹുവിന്റെ എന്നൊടുള്ള പതിവ്, എനിക്ക് നൽകപ്പെട്ട അടയാളങ്ങളുടെ ഒരു ഇനമാകുന്നു.

*(നുസൂലുൽ മസീഹ് പേജ് 57*

*റൂഹാനി ഖസാഇൻ ഭാഗം 18 പേജ് 435)*

ഞാൻ ഇതിനു മുമ്പും എന്റെ ഗ്രന്ഥങ്ങളിൽ താഴെ ചേർക്കുന്ന പ്രഖ്യാപനം വളരെ വിശദമായി സത്യം ചെയ്തുകൊണ്ട് ജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കിയതാണ്. **ആരുടെ കയ്യിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് ഞാൻ എഴുതുന്നു;** റസൂൽ തിരുമേനി(സ) ഹദീസുകളിലൂടെ സുവാർത്ത നൽകുകയും സ്വഹീഹ് ബുഖാരിയിലും, മുസ്‌ലിമിലും മറ്റ് സിഹാഹുകളിലും രേഖപ്പെടുത്തിയതുമായ ആ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.

**വ കഫാ ബില്ലാഹി ശഹീദാ.**

മിർസാ ഗുലാം അഹ്മദ് (അഫാ അല്ലാഹു അൻഹു) 17/08/1899

*(അവ: അഖാഇദ് വ തഅ്ലീമാത്ത് പേജ്: 137,*

*പ്രസാ: നസാറത്ത് ദഅ്വത്തൊ തബ്‌ലീഗ് ഖാദിയാൻ 1955)*

# ഇക് ഗലത്തി കാ ഇസാല

**എന്നെ അയച്ച അല്ലാഹുവാണ് സത്യം,** അവനുമേൽ കറ്റു കെട്ടി പറയുന്നത് ശപിക്കപ്പെട്ടവരുടെ പ്രവർത്തിയാണ്, അവൻ

എന്നെ മസീഹ് മൗഊദ് ആയി അയച്ചിരിക്കുന്നു. ഞാൻ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നതു പോലെ തന്നെ അണുകിട വ്യത്യാസമില്ലാതെ എനിക്കുണ്ടായ വ്യക്തമായ വഹ്‌യിലും വിശ്വസിക്കുന്നു, അതിന്റെ സത്യം കൂടെക്കൂടെ ഉണ്ടായ അടയാളങ്ങളാൽ എനിക്ക് വെളിപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മൂസാ, ഹദ്റത്ത് ഈസാ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) എന്നിവർക്ക് തന്റെ വചനങ്ങൾ ഇറക്കിയ അതേ അല്ലാഹുവിന്റെ തന്നെ വചനങ്ങളാണ് എനിക്ക് ഉണ്ടാകുന്ന പരിശുദ്ധ വഹ്‌യ് എന്ന് എനിക്ക് ബയ്ത്തുല്ലാഹി (കഅബയി)ൽ നിന്ന് സത്യം ചെയ്ത് പറയാൻ കഴിയുന്നതാണ്.

*(ഇക് ഗലത്തി കാ ഇസാല പേജ് 3*
*റൂഹാനി ഖസാഇൻ ഭാഗം 18 പേജ് 210)*

# കറാമാത്തു സ്സ്വാദിഖീൻ

**പ്രതാപവനായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു,** ഞാൻ കാഫിറല്ല. **ലാഇലാഹഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്നതാണ് എന്റെ വിശ്വാസം. **വലാക്കിൻ റസൂ ലല്ലാഹി വഖാത്തമന്നബിയ്യീൻ** എന്നതാണ് നബി(സ)നെ കുറിച്ചുള്ള എന്റെ ഈമാൻ. ഞാൻ എന്റെ ഈ പ്രസ്താവനയുടെ കാര്യത്തിൽ, അല്ലാഹുവിന് എത്രയും നാമങ്ങളുണ്ടോ അത്രയും പ്രാവശ്യം, വിശുദ്ധ ഖുർആനിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം, അല്ലാഹുവിന്റെ പക്കൽ നബി(സ)ന് എത്രമാത്രം സ്ഥാനങ്ങളുണ്ടോ അത്രയും പ്രാവശ്യം, സത്യം ചെയ്തു കൊള്ളുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും വാക്കുകൾക്കെതിരായി എനിക്ക് യാതൊരുവിശ്വാസവും ഇല്ല. അങ്ങനെയല്ലെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അത് അയാളുടെ തെറ്റിദ്ധാരണയാണ്. എന്നെ കാഫിറെന്ന് മനസിലാക്കുകയും കാഫിറെന്ന് പറയുന്നതിൽ നിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നവർ ഓർത്തുകൊള്ളുക, അവർ തീർച്ചയായും മരണ

ശേഷം ചോദിക്കപ്പെടുന്നതായിരിക്കും. **ഞാൻ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടു പറയുന്നു;** അല്ലാഹുവിലും റസൂലിലും ഞാൻ ദൃഢമായും വിശ്വസിക്കുന്നു, ഇക്കാലഘട്ടത്തിലെ എല്ലാവരുടേയും ഈമാൻ തുലാസിന്റെ ഒരു തട്ടിലും എന്റെ ഈമാൻ മറുതട്ടിലും വെച്ചാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ തട്ടിൽ തന്നെയായിരിക്കും ഭാരം കൂടുതൽ.

*(കറാമത്തുസ്സവാദിഖീൻ പേജ്: 25*
*റൂഹാനി ഖസാഇൻ ഭാഗം7 പേജ് 68)*

# തിരിയാഖുൽ ഖുലൂബ്

**എന്നെ നിയോഗിച്ച അല്ലാഹുവാണ് സത്യം;** ഏതെങ്കിലും കഠിനഹൃദയനായ ക്രിസ്ത്യാനിയോ ഹിന്ദുവോ ആര്യനോ പകൽവെളിച്ചം പോലെ വ്യക്തതയുള്ള എന്റെ കഴിഞ്ഞ കാല അടയാളങ്ങളെ നിഷേധിക്കുകയും മുസ്ലിമാകുന്നതിന് വല്ല അടയാളവും ആഗ്രഹിക്കുകയുമാണെങ്കിൽ അക്കാര്യത്തിൽ അനാവശ്യമായ തർക്കങ്ങളുടെ ദുരുദ്ദേശപരമായ ദുർഗന്ധം വമിക്കുന്നില്ലെങ്കിൽ, അയാൾ മനുഷ്യന് അതീതമായ ഏതെങ്കിലും അടയാളം കാണുകയാണെങ്കിൽ താൻ ഇസ്ലാം സ്വീകരിക്കാൻ തയ്യാറാണെന്ന് പത്രത്തിലൂടെ പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ ഒരു വർഷമാകുന്നതിനു മുമ്പേ അയാൾ അടയാളം ദർശിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം ഞാൻ എന്റെ നേതാവ് മുഹമ്മദ്[സ] ന് ലഭ്യമായ ജീവിതത്തിൽ നിന്നാണ് പ്രകാശം കരസ്ഥമാക്കിയത്. ആർക്കും അതിനെ എതിരിടാൻ സാദ്ധ്യമല്ല.

*(തിരിയാഖുൽ ഖുലൂബ് പേജ് : 6,7*
*റൂഹാനി ഖസാഇൻ ഭാഗം 15 പേജ്:140)*

ലോകത്ത് രണ്ട് ജീവിതങ്ങൾ മാത്രമേ പ്രശംസനീയമായിട്ടുള്ളൂ, ഒന്ന്, എന്നെന്നും ജീവിക്കുന്നവനും നിലനിൽക്കുന്നവനും അനുഗ്രഹദാതാവുമായ അല്ലാഹുവിന്റെ ജീവിതം. രണ്ട്, അനുഗ്രഹം നൽകുന്നതും ദൈവദർപ്പണവുമായ ജീവിതം.

ആയതിനാൽ വരുവിൻ! ആ ജീവിതം നമ്മുടെ പ്രവാചകൻ(സ)ന് മാത്രമാണെന്ന് നാം കാണിച്ചു തരാം. അക്കാര്യത്തിൽ എല്ലാ കാലത്തും വാനലോകം സാക്ഷ്യം നൽകിക്കൊണ്ടിരുന്ന താണ്. ഇന്നും സാക്ഷ്യം വഹിക്കുന്നു. ഓർക്കുക, അനുഗ്രഹം വിതരണം ചെയ്യാത്ത ജീവിതം ജീവിതമല്ല. അത് മൃതമാണ്. **ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടു പറയുന്നു:** അവന്റെ പേരിൽ കള്ളം പറയുന്നത് ദുഷ്പ്രകൃതമാണ്: അല്ലാഹു എനിക്ക് എന്റെ അനിഷേധ്യനായ മഹാത്മാവ്, സയ്യിദുനാ മുഹമ്മദ്(സ)ന്റെ അനശ്വരമായ ആത്മീയ ജീവിതത്തെക്കുറിച്ചും പൂർണ പ്രതാപത്തെയും ശ്രേഷ്ഠതയെയും കുറിച്ചും നൽകിയിരിക്കുന്ന തെളിവ് ഇതാണ്; ആ മഹാനുഭാവനോടുള്ള അനുധാവനവും സ്നേഹവും മുഖേന ദൈവിക അടയാളങ്ങൾ എന്നിൽ ഇറങ്ങിയതായും ഹൃദയം ദൃഢജ്ഞാനത്തിന്റെ പ്രകാശത്താൽ തുന്ദിലമായതായും ഞാൻ കാണുന്നു. എത്ര മാത്രം അദൃശ്യഅടയാളങ്ങൾ കണ്ടുവെന്നാൽ, ഞാൻ ആ വ്യക്തമായ പ്രകാശങ്ങൾ മുഖേന എന്റെ ദൈവത്തെത്തന്നെ ദർശിക്കുകയുണ്ടായി.

*(തിരിയാഖുൽ ഖുലൂബ് പേജ് : 6,7*
*റൂഹാനി ഖസാഇൻ ഭാഗം 15 പേജ്:140)*

# തുഹ്ഫ ഗോൾഡവിയ്യ:

**എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ അല്ലാഹുവാണ് സത്യം,** എന്റെ സത്യസാക്ഷ്യത്തിനു വേണ്ടിയാണ് ആകാശത്ത് ഈ ദൃഷ്ടാന്തം വെളിപ്പെട്ടത്. മാത്രമല്ല മൗലവിമാർ എന്നെ ദജ്ജാൽ, കദ്ദാബ്, കാഫിർ, അക്ഫർ (കൊടിയ കാഫിർ) എന്നെല്ലാം വിളിച്ച സമയത്താണ് അത് വെളിപ്പെട്ടത്. ഇന്നേക്ക് 20 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ പ്രവചനമെന്ന നിലക്ക് വാഗ്ദാനം നൽകപ്പെട്ടതാണിത്. അതിങ്ങനെയാണ്:

قُلْ عِنْدِیْ شَھَادَۃٌ مِّنَ اللّٰہِ فَھَلْ اَنْتُمْ مُؤْمِنُوْن. قُلْ عِنْدِیْ شَھَادَۃٌ مِّنَ اللّٰہِ فَھَلْ اَنْتُمْ مُسْلِمُوْن.

അതായത് അവരോട് പറയുക; എന്റെ പക്കൽ ദൈവിക സാക്ഷ്യമുണ്ട്, അത് നിങ്ങൾ അംഗീകരിക്കുമോ ഇല്ലയോ? വീണ്ടും അവരോട് പറയുക; എന്റെ പക്കൽ ദൈവിക സാക്ഷ്യമുണ്ട്, അത് നിങ്ങൾ സ്വീകരിക്കുമോ ഇല്ലയോ?

ഓർക്കുക, എന്റെ സത്യസാക്ഷ്യത്തിനു വേണ്ടി അല്ലാഹുവിൽ നിന്നുള്ള നിരവധി സാക്ഷ്യങ്ങളുണ്ട്. ലക്ഷക്കണക്കിന് ആളുകൾ സാക്ഷികളായ പുലർന്നുകഴിഞ്ഞ നൂറുക്കണക്കിന് പ്രവചനങ്ങളുമുണ്ട്. എന്നാൽ ഈ ഇൽഹാമിൽ ഈ പ്രവചനത്തെക്കുറിച്ചുള്ള പരാമർശം സവിശേഷതക്കു വേണ്ടിയാണ്; അതായത് ആദം മുതൽ ഇന്നേവരെ ആർക്കും നൽകപ്പെട്ടിട്ടില്ലാത്ത അടയാളം എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ അടയാളം എന്റെ സത്യസാക്ഷ്യത്തിനു വേണ്ടിമാത്രമാണെന്നും ഇന്നേവരെ കള്ളവാദിയെന്ന് ആരോപണവിധേയനാകാത്ത ആൾക്കോ തക്ഫീറും(നിഷേധം) തക്ദീബും(കളവാക്കൽ) തഫ്സീഖും(ധിക്കാരം) ആരോപിക്കപ്പെടാത്ത ആൾക്കു വേണ്ടിയല്ലെന്നും ഞാൻ കഅ്ബയിൽ നിന്ന് സത്യം ചെയ്യാൻ സന്നദ്ധനാണ്. ഈ അടയാളത്തിലൂടെ നൂറ്റാണ്ടും നിജപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നും ഞാൻ കഅ്ബയിൽ നിന്ന് സത്യം ചെയ്യാൻ സന്നദ്ധനാണ്.

*(തുഹ്ഫ ഗോൾഡവിയ്യ: പേജ് : 33*
*റൂഹാനി ഖസാഇൻ ഭാഗം 17 പേജ്:143)*

# കിത്താബുൽ ബരിയ്യ:

محمد است فروزندۂِ زمین وزماں     محمد است امام وچراغ بردوجہاں
خدانماست وجودش برائے عالمیاں     خدانہ گویمش از ترسِ حق مگر بخدا

മുഹമ്മദ്[സ] ഇരുലോകത്തിന്റേയും നേതാവും വിളക്കും ആകാശഭൂമികളെ പ്രകാശമാനമാക്കുന്നതും ആകുന്നു. ഞാൻ അല്ലാഹുവിനോടുള്ള ഭയം കാരണം തിരുനബിയെ ദൈവം എന്ന്

പറയുന്നില്ല. പക്ഷെ **അല്ലാഹുവാണ് സത്യം,** തിരുനബി(സ)യുടെ അസ്തിത്വം ഈ ഭൂമുഖത്തുള്ളവർക്ക് ദൈവികപ്രതിബിംബ മാകുന്നു.

*( കിത്താബുൽ ബരിയ്യ പേജ്: 129*
*റൂഹാനി ഖസാഇൻ ഭാഗം 13 പേജ്:157)*

# അൽഹക്കം

**ഞാൻ സത്യം ചെയ്തുകൊണ്ട് പറയുന്നു;** എല്ലാ സ്തുതി കളും സ്ഥാനങ്ങളും ... എല്ലാ നല്ല ഗുണവിശേഷങ്ങളും തിരു നബി(സ) ലേക്ക് തിരിക്കണമെന്നതാണ് എന്റെ ഹൃദയത്തിലെ അടിസ്ഥാനപരവും യഥാർഥവുമായ ആവേശം. എന്റെ എല്ലാ സന്തോഷവും എന്റെ ആഗമനത്തിന്റെ യഥാർഥ ഉദ്ദേശ്യവും അല്ലാഹുവിന്റെ തൗഹീദും റസൂൽ തിരുമേനി(സ)ന്റെ അന്തസ്സും ലോകത്ത് സ്ഥാപിക്കണമെന്നതിലാണ് ഉള്ളത്. എന്നെ സംബ ന്ധിച്ച് അല്ലാഹു വിവരിച്ചിട്ടുള്ള സ്തുതി വചനങ്ങളും മഹിത വാക്യങ്ങളും യഥാർഥത്തിൽ നബിതിരുമേനി(സ)ലേക്ക് തന്നെ യാണ് മടക്കപ്പെടുന്നത്. എന്തെന്നാൽ ഞാൻ തിരുനബിയുടെ ദാസനും അവിടത്തെ പ്രവാചകത്വ വിളക്കുമാടത്തിൽ നിന്നും പ്രകാശം കരസ്ഥമാക്കുന്നവനുമാകുന്നു. സ്വതന്ത്രമായി നമുക്ക് ഒന്നും തന്നെയില്ല. ഇക്കാരണം കൊണ്ട് തന്നെ എന്റെ ഉറച്ച വിശ്വാസം, ആരെങ്കിലും നബി(സ)നു ശേഷം സ്വതന്ത്രമായ രീ തിയിൽ നബി(സ)ന്റെ അനുഗ്രഹം കൂടാതെ ദൈവനിയോഗിത നാണെന്നും അല്ലാഹുവുമായി ബന്ധമുണ്ടെന്നും വാദിക്കുകയാ ണെങ്കിൽ അയാൾ തിരസ്കൃതനും ഭ്രഷ്ടനുമാകുന്നു. നബി(സ) നെ പിൻപറ്റാതെ ആർക്കുംതന്നെ ദൈവസാമീപ്യത്തിന്റെ വാതി ലിലൂടെ കടക്കാൻ സാദ്ധ്യമല്ലെന്ന കാര്യത്തിൽ അല്ലാഹുവിന്റെ സ്ഥായിയായ മുദ്രപതിഞ്ഞിരിക്കുന്നു.

*(അൽഹക്കം പത്രം*
*1902 മെയ് 31)*

# ഹഖീഖത്തുൽ മഹ്ദി

*കുറിപ്പ്: അല്ലാഹു യഹൂദികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:*

قُلْ يَا أَيُّهَا الَّذِينَ هَادُوا إِنْ زَعَمْتُمْ أَنَّكُمْ أَوْلِيَاءُ لِلَّهِ مِنْ دُونِ النَّاسِ فَتَمَنَّوُا الْمَوْتَ إِنْ كُنْتُمْ صَادِقِينَ

*അല്ലയോ റസൂൽ, പറയുക; ജൂദന്മാരേ! നിങ്ങൾ (മുസ്ലിംകളായവരേക്കാളും) അല്ലാഹുവിന് ഇഷ്ടപ്പെട്ടവരാണെന്നാണ് നിങ്ങളുടെ വാദമെങ്കിൽ നിങ്ങൾ മരണത്തെ ആഗ്രഹിക്കുവിൻ, നിങ്ങൾ സത്യവാന്മാരാണെങ്കിൽ.*

*ഈ ആയത്തിൽ നിന്ന് വ്യക്തമാകുന്നത്, മരണം ആഗ്രഹിക്കുന്ന ആൾ അതിനു ശേഷം ഉടൻ തന്നെ മരണപ്പെടുന്നതിൽ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ അത് അയാളുടെ സത്യത്തിനുള്ള സാക്ഷ്യമാണ്. ആരെങ്കിലും തെറ്റിദ്ധാരണകൊണ്ട് സ്വയമേവ അല്ലാഹുവിന്റെ പ്രിയപ്പെട്ടവനായി ഗണിക്കുകയും മരണം ആഗ്രഹിച്ചു കഴിയുകയുമാണെങ്കിൽ അയാളുടെ മരണം അടയാളമായിരിക്കും. ഉദാഹരണമായി, അബൂജഹ്ൽ ബദ്ർ യുദ്ധത്തിൽ തങ്ങൾ ഇരുകൂട്ടരിൽ ആരാണോ അസത്യത്തിൽ അവർക്ക് നാഥാ! ഈ സ്ഥലത്തു തന്നെ മരണം നൽകേണമേ എന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അങ്ങനെ അയാൾ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അയാളുടെ മരണം ഇസ്ലാമിന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളമാകുകയും ചെയ്തു.*

*ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കള്ളവാദിയെന്ന് കരുതുകയും തങ്ങളെ സ്വയം സത്യവാന്മാരായി മനസ്സിലാക്കിക്കൊണ്ട് അദ്ദേഹത്തിനെതിരിൽ വരുകയും ശാപപ്രാർഥന ചെയ്യുകയും അദ്ദേഹം സത്യവാനാണെങ്കിൽ തങ്ങൾക്ക് മരണം സംഭവിക്കട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്തവരെല്ലാം നാശമടഞ്ഞു.*

*ഹദ്റത്ത് മസീഹ് മൗഊദ്(അ) താൻ അല്ലാഹുവിൽ നിന്നുള്ളവനാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ദൈവസവിധത്തിൽ ഇപ്രകാരം ദു:ആ ചെയ്തു.*

## بسم اللہ الرحمٰن الرحیم

نحمدہٗ و نصلی علیٰ رسولہ الکریم

رَبَّنَا افْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِالْحَقِّ وَأَنْتَ خَيْرُ الْفَاتِحِينَ

اے قدیر و خالقِ ارض و سما　　اے رحیم و مہربان و رہنما
اے کہ میداری تو بر دلہا نظر　　اے کہ از تو نیست چیزے مستتر
گر تو مے بینی مرا پُر فسق و شر　　گر تو دیداستی کہ ہستم بد گہر
پارہ پارہ کن منِ بدکار را　　شاد کن، ایں زمرۂ اغیار را
بر دلِ شاں ابرِ رحمت ہا ببار　　ہر مرادِ شاں بفضلِ خود بر آر
آتش افشاں بر در و دیوارِ من　　دشمنم باش و تبہ کن کارِ من
ور مرا از بندگانت یافتی　　قبلۂ من آستانت یافتی
در دلِ مَن آں محبت دیدۂ　　کز جہاں آں راز را پوشیدۂ
با من از روئے محبت کار کن　　اندکے افشاء آں اسرار کن

അല്ലയോ സർവശക്തനും
ആകാശ ഭൂമികളുടെ സ്രഷ്ടാവുമായുള്ളോവേ,
അല്ലയോ കരുണാമയനും
കാരുണ്യവാരിധിയും മാർഗദർശകനുമായുള്ളോവേ,
ഹൃദയങ്ങളെ ശ്രദ്ധിക്കുന്ന നാഥാ,
ഒരുകാര്യവും നിന്നിൽ നിന്ന് ഗോപ്യമല്ല.
അഥവാ നീ എന്നെ ധിക്കാരിയും
ദ്രോഹങ്ങളിൽ മുഴുകിയവനുമാണെന്ന് കാണുന്നുവെങ്കിൽ,
അഥവാ നീ എന്നെ ദുർമാർഗത്തിൽ
അധിഷ്ഠിതനാണെന്ന് കാണുന്നുവെങ്കിൽ,
ദുർമാർഗിയായ എന്നെ തുണ്ടം തുണ്ടമാക്കിയാലും,

എന്റെ ശത്രുപക്ഷത്തിന് സന്തോഷം നൽകിയാലും,
അവരുടെ ഹൃദയങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞാലും,
നിന്റെ അനുഗ്രഹത്താൽ അവരുടെ
എല്ലാ ആഗ്രഹവും പൂർത്തീകരിച്ചാലും,
എന്റെ കവാടങ്ങളിലും ഭിത്തികളിലും
തീ വർഷിക്കേണമേ,
എന്റെ ശത്രുവായി മാറി
എന്റെ പരിപാടികൾ നശിപ്പിക്കേണമേ,
എന്നാൽ നീ എന്നെ
നിന്റെ അനുസാരിയായി കാണുന്നുവെങ്കിൽ
ലോകത്തിൽ നിന്ന് നീ ഗോപ്യമാക്കി
വെച്ചിട്ടുള്ള സ്നേഹം നീ എന്നിൽ കാണുന്നുവെങ്കിൽ
നീ എന്നോട് സ്നേഹപൂർവം പെരുമാറേണമേ,
ആ രഹസ്യങ്ങൾ അൽപം
വെളിപ്പെടുത്തുകയും ചെയ്യേണമേ.

*(ഹഖീഖത്തുൽ മഹ്ദി പേജ്: 1*
*റൂഹാനി ഖസാഇൻ ഭാഗം 14 പേജ്:434)*

*ഈ ദു:ആക്കു ശേഷം അദ്ദേഹത്തിന്റെ കയ്യാൽ നിരവധി ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് ലോകത്ത് സ്വീകാര്യത നൽകുകയും അദ്ദേഹത്തെ നശിപ്പിക്കുന്നതിനു പകരം എല്ലാ നിലക്കും അഭിവൃദ്ധി നൽകിക്കൊണ്ട് തന്റെ പിന്തുണയും സ്നേഹവും വ്യക്തമാക്കുകയും ചെയ്തു, ഇതിൽ ചിന്തിക്കുന്നവർക്ക് ഒരു വലിയ ദൃഷ്ടാന്തമുണ്ട്.*

*(അവ: അഹ്മദിയ്യാ തഅ്ലീമീ പോക്കറ്റ് ബുക്ക്,*
*ഗ്രന്ഥകർത്താ: മൗലാനാ ഖാദി മുഹമ്മദ് നദീർ സാഹിബ്*
*ഭാഗം :1, പേജ് :210-212, പ്രസാ: നസാറത്ത് ഇശാഅത്ത് റബ്‌വ 2012 ജൂൺ)*

## അതിമഹത്തായ പ്രവചനം

# ഇസ്‌ലാമിന്റെ ശോഭനമായ ഭാവി

## അന്തിമമായ സമ്പൂർണ വിജയം

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്[അ] പറയുന്നു:

എനിക്ക് അധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും, എന്റെ പ്രസ്ഥാനത്തെ ഭൂതലമാകെ പ്രചരിപ്പിക്കുമെന്നും, എന്റെ പ്രസ്ഥാനത്തെ സർവ്വകക്ഷികളുടേയുംമേൽ വിജയിപ്പിക്കുമെന്നും, അല്ലാഹു എനിക്ക് നിരന്തരം അറിവ് നൽകിയിട്ടുണ്ട്. കൂടാതെ എന്റെ പ്രസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ അടയാളം കൊണ്ടും തെളിവുകൾ കൊണ്ടും, സത്യത്തിന്റെ പ്രകാശം കൊണ്ടും സർവ്വരുടേയും വായ് കൊട്ടിയടക്കുംവിധം അറിവിലും ജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതാണ്. എല്ലാ സമൂഹവും ഈ ഉറവിൽനിന്ന് വെള്ളം കുടിക്കുന്നതാണ്. ഈ പ്രസ്ഥാനം ഭൂമിയിൽ പടർന്നു പന്തലിക്കുന്നതുവരെ ഇത് ത്വരി തഗതിയിൽ വളരുകയും പുഷ്പ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവരുമെങ്കിലും അവയെല്ലാം മധ്യത്തിൽനിന്ന് നീക്കിക്കളയുകയും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുമായിരിക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.

അതിനാൽ അല്ലയോ ശ്രോതാക്കളേ! ഇക്കാര്യങ്ങൾ ഓർമ വെക്കുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കിവെക്കുക. ഇവ ഒരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു.

*(തജല്ലിയാത്തെ ഇലാഹിയ്യ: പേജ്: 21*
*റൂഹാനി ഖസാഇൻ ഭാഗം 20 പേജ്:409)*

അല്ലയോ ശ്രോതാക്കളേ! കേട്ടുകൊൾവിൻ, ഇത് ആകാശഭൂമികൾ ഉണ്ടാക്കിയ ദൈവത്തിന്റെ പ്രവചനമാകുന്നു. അവൻ തന്റെ ഈ പ്രസ്ഥാനത്തെ മുഴുവൻ ലോകത്തും പരത്തുകയും ന്യായപൂർത്തിയും തെളിവുകളും മുഖേന എല്ലാവർക്കും മേൽ വിജയം നൽകുകയും ചെയ്യും. ലോകത്ത് ഈ മതം മാത്രം അന്തസ്സോടെ ഓർമിക്കപ്പെടുന്ന ആ ദിവസം വരുന്നു, അല്ല സമീപസ്ഥമാണ്. അല്ലാഹു ഈ മതത്തിനും പ്രസ്ഥാനത്തിനും അത്യുന്നത സ്ഥാനവും അഭൗമിക അനുഗ്രഹങ്ങളും ചൊരിയുന്നതാണ്. ഇതിനെ ഇല്ലാതാക്കാനുള്ള ചിന്തയുമായി കഴിയുന്ന എല്ലാവരേയും അവൻ പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം ശാശ്വതമായിരിക്കും, ഏതുവരെയെന്നാൽ ഖിയാമത്ത് സംഭവിക്കും... ഇന്നു മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാകുന്നതിനു മുമ്പേ ഈസയെ കാത്തിരിക്കുന്നവർ അവർ മുസ്ലിംകളാകട്ടെ, ക്രിസ്ത്യാനികളാകട്ടെ കഠിനമായ നിരാശയും ദുർഭാവനയും കാരണം ഈ കള്ളവിശ്വാസത്തെ പരിത്യജിക്കുന്നതാണ്. ലോകത്ത് ഒരു മതവും ഒരു നേതാവും മാത്രമാകും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിനാണ് വന്നത്, ആയതിനാൽ എന്റെ കയ്യാൽ ആ വിത്ത് വിതക്കപ്പെട്ടിരിക്കുന്നു. ഇനി അത് വളരുകയും പുഷ്പിക്കുകയും ചെയ്യും, ആർക്കും അതിനെ തടയാൻ സാദ്ധ്യമല്ല.

*(തദ്കിറത്തു ശ്ശഹാദത്തയ്ൻ പേജ്: 21*
*റൂഹാനി ഖസാഇൻ ഭാഗം 20 പേജ്:66,67)*

# മുന്നറിയിപ്പ്

എനിക്കെതിരിൽ ലോകത്തുള്ള എല്ലാ സമൂഹങ്ങളും ഒരുമിച്ചുകൂടി ആർക്കാണ് അല്ലാഹു പരോക്ഷ സംഗതികൾ വെളിപ്പെടുത്തിക്കൊടുക്കുന്നതെന്ന കാര്യത്തിലും ആരുടെ ദു:ആയാണ് കൂടുതൽ സ്വീകരിക്കപ്പെടുന്നകാര്യത്തിലും ആരെയാണ് അവൻ

സഹായിക്കുന്നതെന്ന കാര്യത്തിലും ആർക്കുവേണ്ടിയാണ് വലിയ വലിയ അടയാളങ്ങൾ കാണിക്കുന്നതെന്ന കാര്യത്തിലും പരസ്പരം മത്സരിക്കുകയാണെങ്കിൽ **ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു;** ഞാൻ തന്നെയാണ് വിജ യിക്കുക. എനിക്കെതിരിൽ ഈ പരീക്ഷയിൽ മത്സരിക്കാൻ ആരെങ്കിലുമുണ്ടോ? ഇസ്‌ലാം മതം സത്യമാണെന്ന് വിരോധി കൾ മനസ്സിലാക്കുന്നതിന് ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ അല്ലാഹു കാണിച്ചിരിക്കുന്നു. ഞാൻ എന്റെ ഒരു അന്തസ്സും കാം ക്ഷിക്കുന്നില്ല, മറിച്ച് ഞാൻ ആർക്കുവേണ്ടിയാണോ അയക്ക പ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന്റെ അന്തസ്സാണ് കാംക്ഷിക്കുന്നത്.

*(ഹക്കീക്കത്തുൽ വഹ്‌യ് പേജ്: 21*
*റൂഹാനി ഖസാഇൻ ഭാഗം 22 പേജ്:181)*

# തുറന്ന വെല്ലുവിളി

**അവന്റെ മുഖാരവിന്ദമാണ് സത്യം,** ഞാൻ ഇപ്പോഴും അവനെ കണ്ടുകൊണ്ടിരിക്കുന്നു. ലോകത്തിന് എന്നെ മനസ്സിലാക്കാൻ സാദ്ധ്യമല്ല, എന്നാൽ എന്നെ അയച്ചവൻ എന്നെ മനസ്സിലാക്കു ന്നുണ്ട്. എന്റെ നാശം ആഗ്രഹിക്കുന്നത് അവരുടെ നെറികേടും തികഞ്ഞ ദൗർഭാഗ്യവുമാകുന്നു. ഞാൻ യഥാർഥ ഉടമസ്ഥാവ കാശി സ്വന്തം കയ്യാൽ നട്ട ചെടിയാകുന്നു. എന്നെ വെട്ടിമാറ്റാൻ ആഗ്രഹിക്കുന്നവൻ ഖാറൂന്റേയും ജൂദാസിന്റേയും അബൂജഹ്‌ലി ന്റേയും ഭാഗം പറ്റാൻ ആഗ്രഹിക്കുന്നുവെന്ന് മാത്രം. ആരെങ്കിലും രംഗത്ത് വരണമെന്നും നുബുവ്വത്തിന്റെ മാർഗത്തിൽ എന്നോട് തീരുമാനം ആവശ്യപ്പെടണമെന്നും അങ്ങനെ ചെയ്താൽ അല്ലാ ഹു ആരുടെ ഭാഗത്താണെന്ന് കാണാമെന്നും ഉള്ള കാര്യത്തിൽ ഞാൻ എപ്പോഴും കണ്ണീരൊഴുക്കുകയാണ്. പക്ഷെ ഒരു നപുംസകത്തിന് രംഗത്തു വരാൻ കഴിയില്ലല്ലോ, അതേ നമ്മുടെ ദേശമായ പഞ്ചാബിൽ കുഫ്റിന്റെ സേനാനിയായ ഗുലാം ദസ്ത

ഗീർ രംഗത്തെത്തി, ഇനി അയാളെ പോലെ മറ്റൊരാൾ രംഗത്ത് വരുകയില്ല, അതിന് സാദ്ധ്യതയുമില്ല.

അല്ലയോ ജനങ്ങളേ! നിങ്ങൾ തീർച്ചയായും അറിഞ്ഞുകൊള്ളുക, എന്റെ കൂടെയുള്ള കരങ്ങൾ അവസാനഘട്ടം വരെയും എന്നോട് കൂറ് കാണിക്കുന്നതാണ്. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളും നിങ്ങളുടെ യുവാക്കളും നിങ്ങളുടെ വൃദ്ധന്മാരും നിങ്ങളുടെ ചെറിയവരും നിങ്ങളുടെ വലിയവരും എല്ലാവരും ഒന്നുചേർന്ന് എന്റെ നാശത്തിനു വേണ്ടി പ്രാർഥിക്കുകയും എത്രത്തോളമെന്നാൽ നാസികകൾ തേഞ്ഞു പോകുകയും കൈകൾ മരവിച്ചു പോകുകയും ചെയ്താൽ പോലും അല്ലാഹു നിങ്ങളുടെ പ്രാർഥനകൾ കേൾക്കുകയില്ല, അവൻ തന്റെ പ്രവർത്തനം പൂർത്തിയാക്കാതെ വിരമിക്കുന്നതുമല്ല. മനുഷ്യന്മാരിൽ ആരും എന്നോടൊപ്പം ഇല്ലെങ്കിൽ അല്ലാഹുവിന്റെ മലക്കുകൾ എന്നോടൊപ്പം ഉണ്ടാകും. നിങ്ങൾ സാക്ഷ്യങ്ങൾ മറച്ചുവെക്കുകയാണെങ്കിൽ കല്ലുകൾ എനിക്കുവേണ്ടി സാക്ഷ്യം നൽകുന്നതാണ്. ആയതിനാൽ സ്വന്തം ആത്മാക്കളോട് അക്രമം ചെയ്യാതിരിക്കുവിൻ. കള്ളവാദിയുടെ മുഖം വേറെയാണ്, സത്യവാന്റേത് മറ്റൊന്നും. അല്ലാഹു ഒരു കാര്യവും തീർപ്പാക്കാതെ വിട്ടുകളയുന്നതല്ല.

*(അർബഈൻ നമ്പർ 3, പേജ്: 14,15*
*റൂഹാനി ഖസാഇൻ ഭാഗം 17 പേജ്:399,400)*